# മലങ്കരസഭ

## മാസിക



പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന മാർതോമ്മാ ദീവന്നാസ്യോസ് ജന്മശതാബ്ദി സമാപനസമ്മേളനം കേരളാ ഗവർണ്ണർ പി. രാമചന്ദ്രൻ ഉത്ഘാടനംചെയ്യുന്നു. നിയുക്ത കാതോലിക്കാ മാർ ക്ലറിലോസ്, ഈശോ മാർ തീമോത്തിയോസ്, ഫാ. മത്തായി നൂറനാൽ എന്നിവരെയും കാണാം.

1987 ജൂലൈ
ലക്കം 7
പുസ്തകം 42



FOR FAVOURS RECEIVED



ST. THOMAS DAY
JULY 3rd
Inserted by a Firm Believer
U S A


# മലങ്കരസഭ

10–7–1987


## സെമിനാരി സുഹൃത്തുക്കളാവുക

### പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ വൈദിക സെമിനാരിയുടെ വളർച്ചയും പ്രവർത്തനവും സഭയ്ക്ക് അഭിമാനകരംതന്നെ. ഭദ്രാസനങ്ങൾ വർദ്ധിച്ചതനുസരിച്ച് വൈദികരുടെ ആവശ്യവും കൂടിയിട്ടുണ്ട്. തന്മൂലം കൂടുതൽ വിദ്യാർത്ഥികളെ എടുക്കേണ്ടിയിരിക്കുന്നു. ബിരുദാനന്തരഗവേഷണത്തിനും പഠനത്തിനും ഉതകത്തക്കവിധത്തിൽ ലൈബ്രറി വികസിപ്പിക്കണം. ചാപ്പലിന്റെ വിപുലീകരണവും ഒരത്യാവശ്യമായി വന്നിരിക്കുകയാണ്. ദൈനംദിന ചെലവുകൾ വിലക്കയററംമൂലം അധികമായി വർദ്ധിക്കുന്നു. സെമിനാരിയുടെ സുഗമമായ നടത്തിപ്പിന് വർഷംതോറും ഒരു നിശ്ചിത തുക സംഭാവന നൽകുന്ന സെമിനാരി സുഹൃത്തുക്കൾ (Friends of the Seminary) ഉണ്ടാകേണ്ടിയിരിക്കുന്നു. മാത്രമല്ല ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ചെലവ് (Rs. 3500/–) നൽകാൻ സന്മനസുള്ള വ്യക്തികളും, പള്ളികളും മുമ്പോട്ടുവരണം. ഈ കാര്യങ്ങളുടെ നിർവ്വഹണത്തിനും, പിരിവിന്റെ ചുമതല വഹിക്കുന്നതിനുമായി റവ. ഫാ. ഏലിയാസ് കത്തനാരെ ഇനിയൊരു കല്പന ഉണ്ടാകുന്നതുവരെ നാം നിയമിച്ചിരിക്കുകയാണ്.

ആകയാൽ കഴിവുള്ളവരെല്ലാം സെമിനാരി സുഹൃത്തുക്കളായി ചേർന്ന് സെമിനാരിയെ സഹായിക്കണമെന്നു നാം താല്പര്യപ്പെടുന്നു.

1987 ജൂൺ 20–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽനിന്ന്.

### ഈ ലക്കത്തിൽ


* സെമിനാരി സുഹൃത്തുക്കളാവുക
* വട്ടശ്ശേരിൽ തിരുമേനിയെപ്പററി വിവരങ്ങൾ അറിയിക്കുക
* ധ്യാനപംക്തി
* പ്രാർത്ഥന
* രോഗികളുടെ തൈലാഭിഷേകം അന്ത്യകൂദാശയോ ?
* ആന്ധ്രായിലെ യാച്ചാരം ബാലഗ്രാം കൂദാശയും ഉത്ഘാടനവും
* ബൈബിൾ നാമകോശം
* റഷ്യൻസഭയുടെ സഹസ്രാബ്ദ ജൂബിലി
* 'താരക'യിലെ നിരൂപണത്തിന് ഒരു പ്രത്യാഖ്യാനം
* കർമ്മധീരനായ ഋഷിവര്യന്റെ ജന്മശതാബ്ദിയാഘോഷം
* സഭാവാർത്തകൾ
* ബൈബിൾപഠനം

# വട്ടശ്ശേരിൽ തിരുമേനിയെപ്പററി വിവരങ്ങൾ അറിയിക്കുക

## മാർ കൂറിലോസ് മെത്രാപ്പോലീത്താ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരേ,

മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് പല സഭാംഗങ്ങളിൽനിന്നുയർന്നുവന്ന അപേക്ഷ, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പരിഗണനയ്ക്കു വരികയുണ്ടായി. പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു ഒരു നടപടിക്രമം വിശദമായ പഠനത്തിനും ചർച്ചയ്ക്കുംശേഷം പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രാരംഭാന്വേഷണങ്ങളും, പഠനങ്ങളും നടത്തി സുന്നഹദോസിൽ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ നാം അദ്ധ്യക്ഷനായി ഒരു കമ്മററിയെ നിശ്ചയിച്ചിരിക്കുകയാണ്.

അഭിവന്ദ്യ വട്ടശ്ശേരിൽ തിരുമേനിയെപ്പററി ലഭിക്കാവുന്ന എല്ലാ വിവരങ്ങളും ശേഖരിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ ചെയ്യുന്നത്. തിരുമേനിയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടുന്നതിനും തിരുമേനിയെക്കുറിച്ച് അറിയുന്നതിനും ഇടയായിട്ടുള്ള വ്യക്തികൾ ഒരുപക്ഷേ ആ ഇടവകയിൽ കാണുമായിരിക്കുമല്ലോ. അതുപോലെ തിരുമേനിയുടെ ജീവിതകാലത്തും, മരണശേഷവും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതമൂലം അനുഗ്രഹം പ്രാപിച്ചിട്ടുള്ള അനേകരും കണ്ടേക്കാം. തിരുമേനി എഴുതിയ കല്പനകളും സ്വകാര്യ കത്തുകളും, മററു പ്രസക്ത രേഖകളും ചിലരുടെ കൈവശം ഉണ്ടായിരിക്കാം. മേൽപ്പറഞ്ഞവിധത്തിലുള്ള അറിവുകളും, രേഖകളും നഷ്ടപ്പെടാതെ, ഫാ. ററി. ജി. സഖറിയ, കാതോലിക്കേററ് ഓഫീസ് ദേവലോകം–പി. ഓ., കോട്ടയം–38 എന്ന വിലാസത്തിൽ കഴിവതും വേഗത്തിൽ അയച്ചുകൊടുക്കണമെന്നു താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

ത്രീയേക ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ,

1987 ജൂൺ 24–ാം തീയതി
കൊല്ലം അരമനയിൽനിന്ന്,

മാത്യൂസ് മാർ കൂറീലോസ്
മെത്രാപ്പോലീത്താ



ധ്യാന പംക്തി

# 'നീ എന്തിന് മരിക്കുന്നു?'

## ഫാദർ ലാസ്സറസ്, ഓ. ഐ. സി.

അപ്പത്തിന്റെ ഭവനമായ ബേത്ലഹേമിലെ ക്രൂരമായ ക്ഷാമത്തിൽ നിരാശനായി പുറജാതികളുടെ നാട്ടിലേക്ക് പ്രാണരക്ഷാർത്ഥം ഓടുന്ന എലിമേലക്കിനെയാണ് രൂഥിന്റെ പുസ്തകത്തിൽ ആദ്യമായി നാം ദർശിക്കുന്നത്. എലിമേലക്, തന്റെ പിന്മാററത്തിൽ പങ്കാളിയാകുവാൻ തന്റെ ഭാര്യയേയും മക്കളേയും ക്ഷണിക്കുന്നത് കഴിഞ്ഞ ലക്കത്തിൽ നാം കണ്ടുവല്ലോ.

ദൈവത്തിൽനിന്നും ഓടിയകലുന്ന ഒരു പിന്മാററക്കാരന് ലഭിക്കുന്ന തിക്തമായ അനുഭവങ്ങളത്രേ ഈ ലേഖനത്തിൽ നാം കാണുവാൻ ശ്രമിക്കുന്നത്.

### A. എലിമേലക്ക് മരിച്ചു

എലിമേലക്കിന്റെ കുടുംബത്തെ തെററിൽനിന്നും പിന്മാററത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ ദൈവം കല്പിച്ചയച്ച ആദ്യത്തെ ശിക്ഷയായിരുന്നു എലിമേലക്കിന്റെ മരണം. പക്ഷേ അവരുടെ നായകനെ അവരുടെ മദ്ധ്യേനിന്നും പിഴുത് എടുത്തിട്ടും ആ കുടുംബം നേർവഴിയിലേക്കു തിരിച്ചുവരുവാൻ കൂട്ടാക്കിയില്ല.

ദൈവം ഇന്നും നമ്മേ പാപവഴിയിൽനിന്നും പിന്തിരിപ്പിക്കുവാനായി ബാലശിക്ഷകൾ നല്കാറുണ്ട്. അതു നാം പലപ്പോഴും മനസ്സിലാക്കിയില്ലെന്നും വരാം. തെററു തിരുത്തുവാൻ എത്ര പ്രാവശ്യം അവൻ നമ്മേ അടിച്ചിട്ടുണ്ട്! നമ്മുടെ എലിമേലക് മരിച്ചിട്ടും നാം പുറജാതികളുടെ മദ്ധ്യേ മോവാബിൽനിന്നും പിന്തിരിയുകയില്ലെന്നോ? കഷ്ടപ്പാട്, തീരാരോഗം, സാമ്പത്തികത്തകർച്ചകൾ, മരണം ഇവയിലൂടെയെല്ലാം അവൻ നമ്മേ പാപവഴികളിൽനിന്നും പിന്തിരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്! നമ്മുടെ പ്രതികരണമെന്തായിരുന്നു?

ബിലയാമിനെതിരായി അവന്റെ കഴുതതന്നെ തിരിഞ്ഞുനിന്നു സംസാരിച്ചു. പീലാത്തോസിനോട് ഭാര്യ ക്ലൗദിയായുടെ കത്തിലൂടെ സംസാരിച്ചു. യോനാ ദീർഘദർശിക്ക് കടലിലെ കൊടുങ്കാററിലൂടെ താക്കീതു നല്കി. നമ്മുടെ മനസാക്ഷിയുടെ കുത്തുകളും, ജീവിതത്തിലെ കൊടുങ്കാററുകളും ഒക്കെ നമുക്കുള്ള താക്കീതുകളായി നാം മനസ്സിലാക്കുമോ?

### B. പുത്രന്മാർ ഇരുവരും വിവാഹിതരായി അവിടെത്തന്നെ പാർത്തു

ആദ്യത്തെ താക്കീതു ലഭിച്ചിട്ടും അവർ പിന്നോട്ടുതന്നെ പോയി. പാപത്തിൽ കാൽകുത്തുക മാത്രമല്ല, അവിടെതന്നെ താമസവും തുടങ്ങി. എലിമേലക് മരിച്ചിട്ടും, പുത്രന്മാർ ഇരുവരും മോവാബിലെ പുറജാതി സ്ത്രീകളെ വിവാഹം കഴിച്ച് അവിടെത്തന്നെ പാർക്കുകയാണു ചെയ്തത്. ഈ കഥ എന്റെ ആത്മാവിന്റെ കഥതന്നെയാണ്. പാപത്തിന്റെ സ്വാധീനം അത്ര ചെറുതൊന്നുമല്ല. ഒരിക്കൽ അതു നമ്മേ പിടിച്ചുകഴിഞ്ഞാൽ മുഴുവനായി അതിൽ ലയിപ്പിച്ചിട്ടേ പാപം വിശ്രമിക്കുകയുള്ളൂ.

നമ്മുടെ ദുസ്വഭാവങ്ങൾ എല്ലാംതന്നെ ആരംഭത്തിങ്കൽ നാം അശ്രദ്ധയോടെ വീക്ഷിച്ചതുകൊണ്ടും അനാവശ്യമായി അതിൽ രസിച്ചതുകൊണ്ടും ക്രമേണ നമ്മിൽ രൂഢമൂലമായതാണ്. അന്നു നാം അതിനെ തള്ളിക്കളഞ്ഞിരുന്നെങ്കിൽ അതിനു നാം അടിമയാകയില്ലായിരുന്നു. 'അലസത ലേശം ബാധിച്ചാൽ അശുഭവഴിക്കു വശംവദരാകും' എന്ന് നിത്യേന നമ്മെ ഓർപ്പിച്ചിട്ടും നാം അലസരായി അതിനെ വീക്ഷിച്ചതുകൊണ്ട് ആ പാപം നമ്മെ വിഴുങ്ങിക്കളഞ്ഞു. പുത്രന്മാരോടുകൂടി മോവാബിൽ തന്നെ താമസമാക്കിയ നവോമിയുടെ ചിത്രം നമ്മുടെ ആത്മാവിന്റെ ചിത്രമാകുന്നു.

### C. മക്കൾ ഇരുവരും മരിച്ചു

ദൈവം ഇതാ വേദനാജനകമായ രണ്ടാമത്തെ തിരുത്തൽ നല്കുന്നു.

മക്കൾ ഇരുവരും മരിച്ചു. മഹ്ലോൻ എന്ന വാക്കിനു 'രോഗം' എന്നും കില്യോൻ എന്ന പേരിനു 'വേദന' എന്നുമാണ് അർത്ഥം. ദൈവത്തിൽനിന്നും ഓടിയകലുന്ന ആത്മാവിനു രോഗവും വേദനയുമാണ് സന്താനങ്ങൾ. നവോമി എന്ന പേരിന്റെ അർത്ഥം 'സന്തോഷം' എന്നാണ്. പിന്മാററത്തിലൂടെ

# പ്രാർത്ഥന

തപ്തമാമീലോക ജീവിതത്തിൽ
ദു:ഖം മാത്രമായ്,
നിരാശ മാത്രമായ്,
നിത്യദു:ഖത്തിന്റെ താഴ്‌വരയിൽ
പാർക്കുന്നോർക്കു
നീയല്ലോ ആശ്രയം !
എത്ര ദുർബലർ നാ–
മെത്രയഹങ്കാരികൾ നാ–
മെത്ര ദൈവവൈരികൾ നാ–
മെത്ര പാപബന്ധിതർ നാം! ........
ദൈവമേ,
എന്നിട്ടും നീ ഞങ്ങളെ–
കൈവെടിയാത്ത
കരുണാർദ്രമാനസൻ !
ഈ മഹൽ പൊരുൾപോലും
വിസ്മരിച്ചീടുന്ന,
വിവേകശൂന്യരാം ഞങ്ങളെ–
കാത്തിടേണേ, ഗുരോ, ഇനിയും !

**വിമൽ കോട്ടുക്കോണം**

---

അവളുടെ സന്തോഷം മുഴുവൻ അസ്തമിക്കുകയായിരുന്നു. പാപവും ദുഃഖവും പരസ്പര ബന്ധിതമാണ്. പാപിക്ക ദുഃഖമേ ലഭിക്കാനുള്ളൂ. സന്താപനിർഭരമായിരിക്കും ആ ജീവിതം. ദുഃഖപര്യവസായി ആയിരിക്കും ആ ജീവിതാന്ത്യം. ഫ്രഞ്ചുവിപ്ലവത്തിന്റെ തലച്ചോറായിരുന്ന വാൾട്ടയറിന്റെ വാക്കുകൾ ഓർത്തുപോകുന്നു. ആ പ്രതാപശാലി വേദനയോടെ പറഞ്ഞു, 'ഞാൻ മനുഷ്യരാലും ദൈവത്താലും പരിത്യജിക്കപ്പെട്ടവൻ' ദൈവത്തിന്റെ ആസ്തിക്യത്തെ ചോദ്യംചെയ്ത പ്രസിദ്ധ ശാസ്ത്രജ്ഞൻ ഡാർവിൻ അവസാനം കാൽമുറിച്ച് ആശുപത്രിയിൽ വേദനയിൽ പുളഞ്ഞപ്പോൾ ഡോക്ടറെ വിളിച്ചു നിലവിളിച്ചു പറഞ്ഞു, 'പ്രിയപ്പെട്ട ഡോക്ടർ, ദൈവം ഇല്ല എങ്കിൽ എനിക്കുവേണ്ടി ഒരു ദൈവത്തെ സൃഷ്ടിക്കാമോ'? നിരാശാപൂർണ്ണമായ ജീവിതാന്ത്യങ്ങളാണിവ. ഈ ലോകത്തിന്റെ പട്ടുമെത്തകളിൽ കിടന്നുകൊണ്ട് അസമാധാനത്തോടുകൂടി അവർ യാത്ര പറഞ്ഞു. മഹലോനും കില്യോനുമായിരുന്നു അവരുടെ സന്താനങ്ങൾ.

**പ്രാർത്ഥന**

ക്രൂശിതനായ എന്റെ നാഥാ! എന്റെ പാപങ്ങൾ നിമിത്തം കുരിശിക്കപ്പെട്ടവനേ! സ്നേഹത്തിന്റെ ശീഘ്രമായ പാദങ്ങൾ ചവിട്ടി പാപംചെയ്ത എന്റെ ആത്മാവിനെ അനുഗമിക്കുന്ന ക്ഷമാശീലനായ യേശുവേ! നിന്നോടു ഞാൻ ചെയ്തുപോയ അകൃത്യങ്ങളെക്കുറിച്ചുള്ള അനുതാപത്താൽ എന്റെ ഹൃദയം നിറയ്ക്കണമെ. കരുണാവാരിധിയായ ഏക ദൈവമേ ! തകർന്ന ഹൃദയത്തിന്റെ നെടുവീർപ്പുകളെ നിരസിക്കാത്ത ഏക ദൈവമേ! നിന്നെ മുറിപ്പെടുത്തിയതിനെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു. നിന്റെ സ്നേഹം എന്റെ ലംഘനങ്ങളെ ക്ഷമിക്കുമാറാകണമേ.

---

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**






ഡിസൽവ കോശിയും കുടുംബവും, ന്യൂഡൽഹി.



ഡിസൽവ കോശിയും കുടുംബവും, ന്യൂഡൽഹി.



ഗ്രേസി ജോസഫ്.



# രോഗികളുടെ തൈലാഭിഷേകം അന്ത്യകൂദാശയോ ?

നമ്മുടെ സഭയിൽ രോഗസൗഖ്യത്തിനായിട്ടാണ് രോഗികളുടെ തൈലാഭിഷേകം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ എങ്ങനെയോ അതു് അന്ത്യകൂദാശയായി പലരും പരിഗണിക്കുകയും മരണം ആസന്നമായതിന്റെ അടയാളമായി കരുതി അതിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ രോഗസൗഖ്യത്തിനായി തൈലാഭിഷേകം നടത്തുമ്പോൾ ശിഷ്യന്മാരിൽക്കൂടി എന്നപോലെ കർത്താവ് പട്ടക്കാരിൽക്കൂടി പ്രവർത്തിക്കുന്നു. ഈ ദർശനവും വിശ്വാസവും രോഗികൾക്ക് ആശ്വാസവും ശക്തിയും പകർന്നുകൊടുക്കുന്നതാണ്. ഈ കൂദാശ രോഗസൗഖ്യത്തോടൊപ്പം പാപമോചനത്തിനും വേണ്ടിയായതിനാൽ മരിക്കാറായ രോഗിക്ക് തൈലാഭിഷേകം നടത്താവുന്നതാണ് എന്നുള്ളതും ശരിതന്നെ. രോഗിക്ക് സുബോധമുള്ളപ്പോൾ തന്നെ അത്യാസന്ന നിലയാകുന്നതിന് മുമ്പ് ഇതു നടത്തിയാൽ ഒരുക്കത്തോടും ശാന്തതയോടും മരിക്കുന്നതിന് സഹായിക്കുകയും ചെയ്യും. എന്നാൽ ഇന്ന് നടക്കുന്നതെന്താണ്? അത്യാസന്നമായതിന് ശേഷമോ അബോധാവസ്ഥയിൽ ആയതിനു് ശേഷമോ നടത്തുന്നു. രോഗത്തിന്റെ ഏതവസ്ഥയിലും, ഏതു രോഗത്തിനും നടത്താവുന്നതും ആവശ്യംപോലെ ആവർത്തിക്കാവുന്നതുമാണ് ഈ കൂദാശയെന്ന സത്യം പലരും മനസ്സിലാക്കിയിട്ടില്ല.

### 1. രോഗികളുടെ തൈലാഭിഷേകം അന്ത്യകൂദാശയല്ല.

വേദപുസ്തകത്തിൽ തൈലാഭിഷേകത്തെക്കുറിച്ച് പറയുന്നിടത്തെങ്ങും ഇത് അന്ത്യകൂദാശയാണെന്ന സൂചനപോലും ഇല്ല. സഭാപിതാക്കന്മാർ അങ്ങനെ പഠിപ്പിക്കുന്നതുമില്ല. അജ്ഞതകൊണ്ട് ജനങ്ങളുടെ ഇടയിൽ ഉണ്ടായ ഒരു തെററിദ്ധാരണ മാത്രമാണിതു്.

കർത്താവ് 12 ശിഷ്യന്മാരെയും (വി. ലൂക്കോ. 9: 1–6) വേറെ 70 ശിഷ്യന്മാരെയും (വി. ലൂക്കോ. 10: 1–20) ഭവനസന്ദർശനത്തിന് അയച്ചപ്പോൾ, രോഗികളെ സൗഖ്യമാക്കുവാൻ പറഞ്ഞു. മരിക്കാറായ രോഗികളെ കുറിച്ചൊന്നും അവിടെ പറയുന്നില്ല. മരണത്തിനായി ഒരുക്കുന്ന കാര്യവും പറയുന്നില്ല. അവർ തൈലംപൂശി സൗഖ്യം നല്കിയെന്നല്ലാതെ (വി. മർക്കോ. 6: 13). ഏതെങ്കിലും രോഗിയെ മരണത്തിനായി ഒരുക്കിയെന്ന് പറയുന്നുമില്ല. എന്നിട്ടും ഇതൊരു അന്ത്യകൂദാശയായി തെററിദ്ധരിക്കുവാൻ ഇടയായത് ബഹുവിചിത്രം തന്നെ.

വി. യാക്കോബിന്റെ ലേഖനത്തിൽ (വി. യാക്കോ. 5: 13–18) തൈലാഭിഷേകത്തെക്കുറിച്ച് പറയുമ്പോൾ 'നിങ്ങളിൽ രോഗമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവന് വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും' എന്ന് പറയുന്നു. അത്യാസന്നനിലയിൽ ആകുമ്പോൾ മൂപ്പന്മാരെ വിളിക്കണമെന്നല്ല ഇവിടെ പറയുന്നത്.

---

**മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ**

---

മരണത്തെക്കുറിച്ച് ഒന്നും പറയുന്നുമില്ല. നേരെ മറിച്ച്, വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കുമെന്നാണ് (സൗഖ്യമാക്കും) പറയുന്നതു്.

ഈ കൂദാശ കൂടുതൽ പ്രചരിപ്പിക്കുന്നതിനും, അത്യാസന്നമാകുന്നതിന് മുമ്പും സുബോധമുള്ളപ്പോഴും നടത്തുന്നതിനും പട്ടക്കാരും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ധാരാളം രോഗികൾ തൈലാഭിഷേകം സ്വീകരിക്കാൻ മുമ്പോട്ട് വന്ന് നല്ല മാതൃക മററുള്ളവർക്ക് കാണിച്ചുകൊടുക്കണം.

### 2. മരണത്തെ ഭയപ്പെടേണ്ടതുണ്ടോ ?

രോഗികളുടെ തൈലാഭിഷേകം പ്രചരിപ്പിക്കുന്നതിന് മരണത്തെക്കുറിച്ചുള്ള ഭയം മാറേറണ്ടതുമുണ്ട്.

1) ഭൂമിയിൽ അവശേഷിക്കുന്നവരുടെ സംരക്ഷണത്തിന് ആളില്ലാതെ പോകുമെന്ന ഭയം മരണത്തെ ഭയപ്പെടുന്നതിന് കാരണമാകാം. ദൈവം നമ്മെ നടത്തിയതുപോലെ ഇവിടെ അവശേഷിക്കുന്നവരെ നടത്തുമെന്നും നാം നമ്മെ സ്നേഹിക്കുന്നതിനേക്കാൾ

കൂടുതലായി ദൈവം നമ്മെയും നമ്മുടെ ആശ്രിതരെയും സ്നേഹിക്കുന്നുണ്ടെന്ന വിശ്വാസത്തിൽ നാം ഉറയ്ക്കണം.

2. മരണത്തിൽകൂടി നാം പിതാവിന്റെ അത്യന്തം സുന്ദരമായ ഭവനത്തിലേക്കാണ് പോകുന്നതെന്ന് ഓർക്കുമ്പോൾ ഭയം മാറും. 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലമൊരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും' (വി. യോഹ. 14: 1–3) എന്ന് കർത്താവ് പരലോകത്തെക്കുറിച്ച് പറയുന്നു. വി. പൗലോസ് പറയുന്നതും ശ്രദ്ധിക്കുക. 'ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതിനെ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല' (1 കൊരി. 2: 9). വീണ്ടും സ്വർഗ്ഗത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനത്തെക്കുറിച്ച് അദ്ദേഹം പറയുന്നു. 'ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു. അവൻ പതിനാല് സംവത്സരം മുമ്പേ, മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു....ആ മനുഷ്യൻ പറുദീസായോളം എടുക്കപ്പെട്ടു....മനുഷ്യന് ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്ന് ഞാൻ അറിയുന്നു' (2 കൊരി. 12: 2–4).

മരണത്തിൽകൂടി നാം കർത്താവിനോടു കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത്. 'ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോഴൊക്കെയും കർത്താവിനോട് അകന്ന് പരദേശികളായിരിക്കുന്നു എന്ന് അറിയുന്നു. കാഴ്ചയാൽ അല്ല വിശ്വാസത്താലത്രെ ഞങ്ങൾ നടക്കുന്നത്. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട്, ശരീരംവിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു' (2 കൊരി. 5: 6–7). അതിനാൽ നാം മരണത്തെ സ്വാഗതം ചെയ്യേണ്ടതാണ്.

മരണാനന്തരവും നാം ദൈവത്തെ പ്രസാദിപ്പിക്കുന്നുണ്ട്. 'അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു' (2 കൊരി. 5:9). അതിനാൽ മരണംകൊണ്ട് നമുക്ക് ഒരു നഷ്ടവും വരുന്നില്ല.


**CENTURY AGENCY**
**AMBASSADOR CORPORATION**

**753 FRANKLIN AVENUE,**
**FRANKLIN SQUIRE, NEW YORK-11010.**

Phone: 516–872–2100

We are original builders of Parish Real Estate

Contact us for fast and profitable

Real Estate Transaction in the U.S.A.

Mortgage Money Available in any amount to all qualified buyers.

**E. I. Abraham Omallur**, M.B.A; G.R.I.




മരണാനന്തരം നാം നിരന്തരമായി ദൈവത്തെ ആരാധിക്കുന്നതാണ്. 'അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപകൽ അവനെ ആരാധിക്കുന്നു' (വെളി. 7: 15). അതിനാൽ മരണാനന്തരാവസ്ഥ ഏററവും ആകർഷണീയമാണ്.

പാപത്തിൽ തഴമ്പിച്ച് ഇനി ഒരു മാററവും ഉണ്ടാകാൻ സാദ്ധ്യമല്ലെന്നുള്ള അവസ്ഥയിൽ എത്തിച്ചേർന്നിട്ടില്ലെങ്കിൽ ദൈവപ്രകാശം കൂടുതലായി ലഭിച്ച് മാനസാന്തരപ്പെടുന്നതിനും മരണാനന്തരം സാധിക്കുമെന്നുള്ളതിനാൽ മരണത്തെ ആരും ഭയപ്പെടേണ്ടതില്ല. പണ്ട് നോഹയുടെ കാലത്ത് അനുസരണം കെട്ടവരായി പാതാളത്തിൽ ഉണ്ടായിരുന്ന ആത്മാക്കളോട് നമ്മുടെ കർത്താവ് പ്രസംഗിച്ചതിൽ നിന്നും ഇതു് മനസ്സിലാക്കാം (1 പത്രോ. 3: 19). ഓരോ പാപവും ഹൃദയത്തെ കഠിനപ്പെടുത്തുമെന്നുള്ളതിനാലും കർത്താവിനെ അത് വേദനപ്പെടുത്തുന്നു എന്നുള്ളതിനാലും നാം ഒരിക്കലും പാപത്തിന് അവസരം കൊടുക്കാതിരിക്കേണ്ടതാണെന്നുള്ളതും ഇവിടെ സ്മരണീയമാണ്.

ആത്മാക്കൾ സ്ഥലകാലങ്ങൾക്കപ്പുറമായി വസിക്കുന്നതിനാൽ ഈ ലോകത്തിലെ കാര്യങ്ങൾ ദർശിച്ചുകൊണ്ടിരിക്കുന്നു. അവർ നമ്മെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇഹത്തിൽ ജീവിക്കുന്ന നാം സൂക്ഷ്മതയോടെ ജീവിക്കണം (എബ്രാ. 12: 1). അവരിൽ രണ്ടുപേർ, മോശയും ഏലിയായും, പ്രത്യക്ഷപ്പെട്ട് കർത്താവിനോട് സംസാരിച്ചതായി മറുരൂപമലയിൽ നാം കാണുന്നു. അതിനാൽ ആത്മാക്കൾ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നതിൽ തെററില്ല. ഇങ്ങനെ ആത്മാക്കൾ ഈ ലോകത്തോട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ മരണത്തെ ഭയപ്പെടുകയോ മരണത്തിൽ ദുഃഖിക്കുകയോ ചെയ്യേണ്ടതില്ല.

'ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും' (വി. യോഹ. 11: 25) എന്നരുളിചെയ്ത കർത്താവ് മരിച്ചുയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്തു. അതിനാൽ കർത്താവിൽകൂടി നാം മഹത്വത്തിലേക്ക് പ്രവേശിക്കുന്ന ഒരു കവാടമാണ് മരണം. 'എഴുതുക. ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ' (വെളി. 14: 13).

### 3. മരണത്തിനായുള്ള ഒരുക്കം

മരണത്തെ ഭയപ്പെടേണ്ടതില്ലെങ്കിലും മരണത്തിനായി ഒരുങ്ങേണ്ടതാണ്. 'ഞങ്ങളുടെ പിഴകളെക്കുറിച്ചുള്ള ലജ്ജകൂടാതെ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ കാലുകൾക്ക് കീഴിൽ ഞങ്ങളെ ചേർത്തുകൊള്ളണമെ' എന്ന് മാർ യാക്കോബിന്റെ വി. കുർബ്ബാന തക്സായിൽ ചൊല്ലുന്നതുപോലെ സമാധാനത്തോടെ മരിക്കുന്നതിന് പാപമോചനം പ്രാപിച്ചിരിക്കണം. പാപത്തിൽ വീഴാതിരിക്കുന്നതിന് പരസ്പരം പ്രബോധിപ്പിക്കുകയും ചെയ്യണം. 'നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ടുപോകാതിരിക്കേണ്ടതിന്, ഇന്ന് എന്ന് പറയുന്നിടത്തോളം നാൾതോറും അന്യോന്യംപ്രബോധിപ്പിച്ചുകൊൾവിൻ' (എബ്രാ. 3: 13). കർത്താവിൽ വസിച്ച് നമ്മുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുകയും വേണം. 'അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ' (വി. യോഹ. 2: 28) എന്ന് വി. യോഹന്നാൻ ശ്ലീഹായും 'യജമാനൻ വരുന്ന സമയം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ' (വി. ലൂക്കോ. 12: 37) എന്ന് കർത്താവും പറയുന്നു. 'നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക. നീ മരിച്ചുപോകും' (2 രാജാ. 20: 1) എന്ന് ഹിസ്കിയ രാജാവിനോട് പ്രവാചകൻ പറഞ്ഞതുപോലെ നമ്മുടെ കാര്യങ്ങളെല്ലാം എപ്പോഴും ക്രമീകൃതമായിരിക്കുകയും വേണം. അപ്പോൾ ഈ ലോകത്തിൽനിന്ന് യാത്രപറയാൻ ഒട്ടും വിഷമമുണ്ടാകയില്ല.

'ഹേ മരണമേ, നിന്റെ ജയമെവിടെ? ഹേ, മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം' (1 കൊരി. 15: 55–57).

### 4. സമാപനം

അതിനാൽ രോഗികളുടെ തൈലാഭിഷേകം അന്ത്യകൂദാശയാക്കാതെ, ചികിത്സയ്ക്കായി ഡോക്ടറെ സമീപിക്കുന്നതോടൊപ്പം തൈലാഭിഷേകത്തിനായി പട്ടക്കാരനെയും സമീപിക്കണം. പട്ടക്കാരനെ പ്രാർത്ഥനയ്ക്കു വിളിക്കുന്നതിന് പലർക്കും ഭയമില്ല. തൈലം പൂശുകയെന്ന് പറയുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. പ്രാർത്ഥനയോടുകൂടെ തൈലം പൂശുന്നതിനെ എന്തിന് ഭയപ്പെടുന്നു. രോഗിക്ക് ഭയമുണ്ടാകാതിരിക്കുന്നതിന് അബോധാവസ്ഥയിലാകാൻ ചിലർ കാത്തിരിക്കുന്നു. അന്ത്യകൂദാശയല്ലെന്ന് പറഞ്ഞുമനസ്സിലാക്കിയാൽ ഭയം മാറും. ഈ ഭയം കാരണം പലർക്കും ഈ കൂദാശ ലഭിക്കാതെ പോകുന്നു. അബോധാവസ്ഥയിൽ ഇത് ലഭിക്കുന്നവർക്ക്

**ബാലരംഗം**

# യേശുനാഥന്റെ പൂന്തോട്ടം




കുഞ്ഞനുജന്മാരേ....കുഞ്ഞനുജത്തിമാരേ....

കഴിഞ്ഞ കത്തിൽ കുഞ്ഞിച്ചായനു് ഒരു പിശകുപററി. എന്തെന്നു പറയട്ടെ. ജൂൺ മാസത്തിൽ പിറന്ന മലങ്കരസഭയിലെ പുണ്യ പിതാക്കന്മാരെ അനുസ്മരിച്ചപ്പോഠം ഒരു വന്ദ്യപിതാവിന്റെ കാര്യം മനഃപൂർവ്വമല്ലാതെ വിട്ടുപോയി.

വിദ്യാഭ്യാസചിന്തകൻ, സാമൂഹ്യ പരിഷ്കർത്താവ് സരസസംഭാഷണചതുരൻ, അതുല്യ വാഗ്മി, സന്യാസിശ്രേഷ്ഠൻ, ഓർത്തഡോക്സിയുടെ കാവൽഭടൻ, സർവ്വോപരി ഉത്തമക്രിസ്തുഭക്തൻ, ഇതെല്ലാമായിരുന്ന കാലംചെയ്ത അഭിവന്ദ്യ തോമാ മാർ ദീവന്നാസ്യോസ് തിരുമേനി ജനിച്ചതും ജൂൺ മാസത്തിൽ തന്നെ. 1887 ജൂൺ 8–ാം തീയതിയാണ് ആ മഹാപുരുഷന്റെ ജനനം. 1987 ജൂൺ 6, 7, 8 തീയതികളിൽ അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലമായിരുന്ന പത്തനാപുരം താബോർ ദയറായിൽവച്ച് ജന്മശതാബ്ദിയാഘോഷങ്ങഠം കൊണ്ടാടിയതു് പത്രപംക്തികളിൽ നിങ്ങഠം വായിച്ചിരിക്കുമല്ലോ.

ഡോ. എൻ. ജെ. തോമസ് റമ്പാച്ചൻ എഴുതിയ മനുഷ്യസ്നേഹിയായ ദീവന്നാസിയോസ്, ശ്രീ. പോഠം മണലിൽ എഴുതിയ മഹാനായ മാർ ദീവന്നാസിയോസ് എന്നീ ജീവചരിത്രഗ്രന്ഥങ്ങഠം ആ പുണ്യപുരുഷനെ കുറിച്ച് കൂടുതൽ പഠിക്കുവാൻ നമ്മെ സഹായിക്കും.

മനുഷ്യസേവനം ആയിരുന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം. ഒരു കർമ്മയോഗിയെന്നു് അദ്ദേഹത്തെ വിളിക്കാം. സ്വയം ഉരുകി മററുള്ളവർക്കു പ്രകാശം പരത്തുന്ന ഉത്തമ മാതൃക കാട്ടിയ ആ വന്ദ്യപിതാവിനെ മലങ്കരസഭ എക്കാലവും നന്ദിപൂർവ്വം സ്മരിക്കും.

ഇനി ഒരു കൊച്ചു കഥ പറയാം:—

യേശുനാഥനെ ആഴമായി സ്നേഹിച്ച ഒരു ഉത്തമ ക്രിസ്തുഭക്തന്റെ കഥ. അദ്ദേഹത്തിന്റെ പേരു് ജോൺ ഹാർപ്പർ എന്നായിരുന്നു. എരിഞ്ഞു കത്തുന്ന ഒരു മെഴുകുതിരിപോലെ സ്നേഹത്തിന്റെ പ്രകാശം പരത്തിക്കൊണ്ടു് ത്യാഗപൂർണ്ണമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതു്. യേശുനാഥന്റെ കാൽച്ചുവടുകളെ പിൻതുടരുന്നതിൽ കവിഞ്ഞു് ഒരാനന്ദം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരു സുവിശേഷപ്രസംഗകനായ അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും കഥകഠം ധാരാളമായി പറഞ്ഞിരുന്നു.

ഒരിക്കൽ സുവിശേഷവേലക്കായി അദ്ദേഹം ഒരു കപ്പലിൽ അമേരിക്കയിലേക്കു പോകുകയായിരുന്നു. ടൈററാനിക്കു് എന്ന കപ്പലിലായിരുന്നു അദ്ദേഹം സഞ്ചരിച്ചിരുന്നതു്. ടൈററാനിക്കു് എന്ന കപ്പലിന്റെ ദുരന്തകഥ നിങ്ങഠംക്കെല്ലാം അറിയാമെന്നു് കുഞ്ഞിച്ചായൻ വിശ്വസിക്കുന്നു. യാത്ര പൂർത്തിയാക്കാൻ കഴിയാതെ അററ്ലാൻറിക്കു് മഹാസമുദ്രത്തിന്റെ അഗാധതയിൽ ആണ്ടുപോയ ടൈററാനിക്കിന്റെ കഥയെക്കാഠം ദുഃഖകരമായ ഒരു സമുദ്രസഞ്ചാരകഥ കുഞ്ഞിച്ചായൻ കേട്ടിട്ടില്ല. ഭീമമായ കപ്പലിൽ സ്ത്രീകളും പുരുഷന്മാരും കുട്ടികളും ആയി ആയിരക്കണക്കിനു് സഞ്ചാരികഠം യാത്ര ചെയ്തിരുന്നു. ആടിയും പാടിയും അവർ ആനന്ദകരമായി സമയം ചെലവഴിച്ചു.

പൂർണ്ണഫലം ലഭിക്കാതെയും പോകുന്നു. എല്ലാവരുമായി രമ്യപ്പെടുന്നതിനും, എല്ലാവരെയും അനുഗ്രഹിക്കുന്നതിനും തൈലാഭിഷേകശുശ്രൂഷ നേരത്തെ നടത്തുന്നതു് നല്ലതാണെന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണ്.

—o—



# ആന്ധ്റായിലെ യാച്ചാരം ബാലഗ്രാം കൂദാശയും ഉത്ഘാടനവും

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ഇൻഡ്യയിൽ ഉള്ളിടത്തോളം കുഷ്ഠരോഗികഠം ലോകത്തിൽ മററു് ഒരു രാജ്യത്തിലുമില്ല. ഇൻഡ്യയിൽത്തന്നെ ഏററവുമധികം കുഷ്ഠരോഗികഠം ഉള്ളതു് ആന്ധ്രായിലാണ് (4 ലക്ഷം). മലങ്കരസഭയെന്നല്ല, ഇൻഡ്യയിൽ മറെറാരു സഭയോ, ഗവൺമെൻറോ ഇതുവരെയും തുടങ്ങാതിരുന്ന ഒരു പ്രസ്ഥാനമാണ് കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികഠംക്കുവേണ്ടി ഒരു സ്ഥാപനം. ഈ വിവരം പരസ്യമായിപ്പറഞ്ഞ മലങ്കരസഭയെ അനുമോദിച്ചത് ഒരു മാർത്തോമ്മാ സഭാംഗവും പോലീസ് ഡിപ്പാർട്ടുമെൻറിൽ ഐ. ജി. യുമായി ശ്രീ. എം. വി. തോമസ് ഐ. പി. എസ്. ആണ്.

ഒൻപതു ലക്ഷം രൂപാ രണ്ടു വർഷത്തിനകംകൊണ്ടു് ചെലവാക്കി മുപ്പതു് ഏക്കർ സ്ഥലം വാങ്ങി നാലു ലക്ഷം രൂപാ ചെലവാക്കി പണിത കെട്ടിടത്തിന്റെ ആദ്യത്തെ നിലയുടെ കൂദാശാനന്തരം 1987

---

ആ ഉല്ലാസയാത്രയ്ക്കിടയിലും യേശുനാഥന്റെ ദിവ്യസ്നേഹം പ്രകീർത്തിച്ചു പാടുകയും പ്രസംഗിക്കുകയും ചെയ്യുന്നതിലായിരുന്നു ജോൺ ഹാർപ്പറിന്റെ ശ്രദ്ധ.

ഭീമമായ ഒരു മഞ്ഞുകട്ടയിൽ മുട്ടി ടൈററാനിക്കു് കപ്പൽ തകർന്നപ്പോഠം ഉല്ലാസയാത്രക്കാർ ഒന്നടങ്കം വാവിട്ടു കരഞ്ഞു. പക്ഷെ സ്വന്തം ജീവൻ നഷ്ടപ്പെട്ടാലും മററുള്ളവരുടെ പ്രാണൻ രക്ഷിക്കണമെന്നായിരുന്നു ഹാർപ്പറുടെ ആഗ്രഹം.

അററ്ലാൻറിക്കിലെ അതിശീതളമായ അലച്ചാർത്തുകഠം ടൈററാനിക്കിനെ അമ്മാനമാടി. പലരും ദീനരോദനത്തോടെ കടലിൽ മുങ്ങിത്താണു. പലരെയും ലൈഫ്ബോട്ടുകളിൽ കയററുന്നതിനു് ഹാർപ്പർ ഹൃദയപൂർവ്വം സഹായിച്ചു. ഇതിനിടയിൽ സ്കോട്ട്ലൻഡുകാരനായ ഒരു യുവാവിനെ ഹാർപ്പർ കണ്ടുമുട്ടി. വിദ്യാസമ്പന്നനും സുന്ദരനും ആയ ആ യുവാവിനോട് ഹാർപ്പർ ചോദിച്ചു.

'നീ യേശുവിനെ സ്നേഹിക്കുന്നുണ്ടോ? ഹാർപ്പറിന്റെ ചോദ്യം കേട്ടപ്പോഠം ആ യുവാവിനു് ആദ്യം കോപമാണുണ്ടായതു്. ഒരു തടിക്കഷണത്തിൽ അള്ളിപ്പിടിച്ചുകൊണ്ടു് മരണവുമായി മല്ലടിക്കുന്നതിനിടയിലാണ് ഈ ചോദ്യം.

ഒരു തിരമാലവന്നു് ഹാർപ്പറെ യുവാവിൽനിന്നു് അകററി. പക്ഷെ അത്ഭുതകരമായി ഹാർപ്പർ യുവാവിന്റെ അരികിൽ നീന്തിയടുത്തു. പഴയ ചോദ്യം വീണ്ടും ചോദിച്ചു. യുവാവിനു് ഉത്തരം പറയാൻ കഴിഞ്ഞില്ല.

ആ യുവാവിനെ ലൈഫ് ബോട്ടിൽ കയററി രക്ഷപ്പെടുത്തിയശേഷം ഹാർപ്പർ അയാളോടു പറഞ്ഞു:—

'യേശുനാഥൻ എനിക്കും നിനക്കുംവേണ്ടി കാൽവറിയിൽ മരിച്ചു. ആ സ്നേഹത്തെക്കാഠം മഹത്തായ സ്നേഹമില്ല. ഞാൻ അവനുവേണ്ടി ജീവിച്ചു. നീയും അവനുവേണ്ടി ജീവിക്കണം' ഇത്രമാത്രമെ ഹാർപ്പർക്കു പറയാൻ കഴിഞ്ഞുള്ളു.

ഒരു കൂററൻ തിരമാല ഹാർപ്പറെ വലിച്ചെറിഞ്ഞു. ആ മഹാസമുദ്രത്തിന്റെ അഗാധതയിൽ ജോൺ ഹാർപ്പർ എന്ന സ്നേഹദൂതൻ മുങ്ങിമറഞ്ഞു. പക്ഷെ ഹാർപ്പർ പകർന്ന ആ സ്നേഹസന്ദേശം ആ യുവാവിനെ പുതിയ മനുഷ്യനാക്കി. അവസാന നിമിഷത്തിൽപോലും യേശുനാഥന്റെ സ്നേഹത്തെപ്പററി പറഞ്ഞ ഹാർപ്പറിന്റെ വാക്കുകഠം ആ യുവാവിന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വയം ബലിയർപ്പിച്ച യേശുനാഥന്റെ മഹത് ത്യാഗത്തെ മനസ്സിലാക്കുവാൻ ഹാർപ്പറുടെ പ്രാണത്യാഗം ആ യുവാവിനെ സഹായിച്ചു.

യേശുനാഥന്റെ സ്നേഹസന്ദേശം പകർന്നുകൊണ്ടു് നാടായനാടെല്ലാം അയാഠം ചുററിസഞ്ചരിച്ചു. അയാഠം ഒരു ഉത്തമ ക്രിസ്തുഭക്തൻ ആയിത്തീർന്നു. യേശുനാഥനെ യഥാർത്ഥമായി അനുഗമിക്കുന്നവർ സ്നേഹപ്രകാശം പരത്തുന്ന ദീപങ്ങളായിത്തീരുന്നതാണ്. ആ യേശുനാഥന്റെ കാൽച്ചുവടുകളെ നമുക്കു പിൻതുടരാം.

(കഴിഞ്ഞ കത്തിൽ പ. ഔഗേൻ ബാവയുടെ ജന്മതീയതി 1784 എന്നു അച്ചടിച്ചിരുന്നതു് 1884 എന്നു വായിക്കേണ്ടതാണ്.)

എല്ലാ നല്ല ആശംസകളും നേർന്നുകൊണ്ടു്

**കുഞ്ഞിച്ചായൻ**

# ബൈബിൾ നാമകോശം

Rev. Fr. DANIEL N. VARGHESE – M. A. B. Ed., (M. A. Th.)

**65. ഈഥാമാർ** (Ithamar) O. T.

അഹരോന്റെ ഇളയ പുത്രൻ. എലയാസാറിന്റെ കൂടെ മഹാപുരോഹിതജോലി ചെയ്തു. ഏലി എന്ന പുരോഹിതന്റെ ഒരു മുൻഗാമി. (പുറപ്പാട് 6: 23;28: 1; സംഖ്യ. 4: 28).

**66. ഈരാ** (Ira) O. T.

തെക്കോവക്കാരൻ. ദാവീദിന്റെ സൈന്യത്തിലെ ശക്തനും വീരനുമായ ഒരു സേനാനി. (1 ദിനവൃത്താന്തം 11: 28).

**67. ഈശ്ബോശെത്ത്** (Ishbosheth) O.T.

ശൗലിന്റെ മക്കളിൽ ഒരുവൻ. ശൗലിന്റെ മരണാനന്തരം യെഹൂദ്യായുടെ രാജാവായി, ദാവീദിനെതിരായി, പ്രഖ്യാപിക്കപ്പെട്ടു. കഴപ്പം നിറഞ്ഞ രണ്ടു വർഷക്കാലം യോർദ്ദാന്റെ കിഴക്കുഭാഗത്തുള്ള മഹനയീം എന്ന തലസ്ഥാന പട്ടണത്തിലിരുന്നു ഭരിച്ചു. ദാവീദിന്റെ സൈന്യത്തെ തോല്പിക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. B. C. 1050–നടുത്തു കൊല്ലപ്പെട്ടു. അതോടുകൂടി ശൗലിന്റെ വംശത്തിനറുതി വന്നു. (2 ശമു. 2: 10; 2: 12–3: 1).

**68. ഈസ്കരിയോത്താ** (Iscariot) N. T.

യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരുവനായ യൂദാ. യൂദായുടെ പേരിനോടു കൂട്ടിച്ചേർത്ത നാമം. യേശുവിനെ ഒററിക്കൊടുത്തയാൾ. (മത്തായി 10: 4).

**69. ഉസ്സ** (Uzzah) O. T.

അബീനാദാമിന്റെ പുത്രൻ. ദൈവത്തിന്റെ പെട്ടകം കൊണ്ടുപോകുമ്പോൾ കാള വിരണ്ടതിനാൽ പെട്ടകത്തെ താങ്ങി പിടിച്ചു. അപ്പോൾ ദൈവകോപത്താൽ മരിച്ചുവീണു. (2 ശമുവേൽ 6: 3–11).

**70. ഉസ്സിയാവ്** (Uzziah) O. T.

അമസ്യാവിന്റെ മകൻ. 16 വയസ്സുള്ളപ്പോൾ (B. C. 785–നടുത്ത്) തന്റെ പിതാവിനു പകരം യെഹൂദാരാജാവായി. 52 വർഷക്കാലം യെരുശലേമിൽ അഭിവൃദ്ധികരമായ ഭരണം നടത്തി. പുരോഹിതന്മാർ മാത്രം ധൂപംവയ്ക്കാൻ അനുവദിക്കപ്പെട്ടിരുന്ന ധൂപപീഠത്തിൽ ധൂപം വീശുമ്പോൾ കുഷ്ഠം പിടിച്ചവനായിത്തീർന്നു. (2 രാജാ. 15: 13; 14: 21; 2 ദിനവൃത്താന്തം 26: 1,3).

**71. ഊരി** (Uri) O. T.

കൂടാരനിർമ്മിതാവായ കൗശലപ്പണിക്കാരൻ ബെസലേലിന്റെ പിതാവ്. (പുറപ്പാടു് 31: 2).

**72. ഊരിയാ** (Urijah) O. T.

ആഹാസ് രാജാവിന്റെ കാലത്തെ മഹാപുരോഹിതൻ. (2 രാജാക്കന്മാർ 16: 10–16).

**73. ഊരിയാവ്** (Uria) O. T.

ദാവീദ്‌രാജാവിന്റെ സൈന്യത്തിലെ ശക്തനായ ഒരു പടയാളി. ദാവീദിന്റെ നിർദ്ദേശാനുസരണം കഠിനയുദ്ധം നടന്നിരുന്ന സ്ഥലത്ത് മുമ്പിൽ നിറുത്തി കൊല്ലിച്ചു. അതിനുശേഷം അവന്റെ സുന്ദരിയായ ഭാര്യ ബത്ത്ശേബായെ ദാവീദ് സ്വന്തഭാര്യയാക്കി. (2 ശമുവേൽ 11: 1–27).

**74. ഊസ്** (Uz) O. T.

അബ്രഹാമിന്റെ സഹോദരനായ നാഹോറിന് മിൽക്കയിൽ കൂടെയുണ്ടായ ആദ്യജാതൻ. നാഹോറിന്റെ പിൻഗാമികളുടെ വംശത്തിന്റെ പേരും ഇതുതന്നെ. ഇയ്യോബ് ഈ വംശത്തിൽ പെട്ടവനാണെന്നു കരുതപ്പെടുന്നു. (ഉല്പത്തി 22: 20, 21; ഇയ്യോബ് 1: 1; വിലാപങ്ങൾ 4: 21).

(തുടരും)

---

റക്കറെ ഏല്പിച്ചു. ഭദ്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമേനി ബാലഗ്രാം ഗവർണിംഗ് ബോർഡിന്റെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ എത്രയധികം താല്പര്യം ഇക്കാര്യത്തിൽ കാണിക്കുന്നു എന്നതു ഏവർക്കും ഉത്തേജനം നല്കുന്ന ഒരു കാര്യമാണ്.

സെ. ഗ്രീഗോറിയോസ് ബാലഗ്രാമിന്റെ പിറകിലെ പ്രവർത്തനത്തിനായി ദൈവം ദർശനം കൊടുത്ത ഫാദർ കെ. ഐ. ഫിലിപ്പിനെയും, M T C പഠനം കഴിഞ്ഞു് സെന്റ് പോൾസ് ആശ്രമത്തിൽ ചേർന്നു അവിടെ പ്രവർത്തിക്കുന്ന തോമസുകുട്ടി, സണ്ണി ഇവരെയും, ആശ്രമാംഗം ജോഷ്വായെയും മററു പ്രവർത്തകരായ തങ്കച്ചൻ, ഫ്രാൻസിസ്, റേറാം മുതലായവരെയും അല്പമായോ അധികമായോ സഹായിക്കുന്ന ഏവരെയും ഓർത്തു പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. നാം മരണപര്യന്തം വിശ്വസ്തരായിരുന്നാൽ ജീവകിരീടം പ്രാപിക്കാം.



# റഷ്യൻസഭയുടെ സഹസ്രാബ്ദ ജൂബിലി

ഫാദർ ററി. ജെ. ജോഷ്വാ

ക്രൈസ്തവ സഭാ കുടുംബത്തിലെ ഒരംഗത്തിന്റെ ജന്മദിനം അടുത്തവർഷം ആഘോഷിക്കുകയാണ്, ആയിരാമത്തു ജന്മദിനം. മററു കുടുംബാംഗങ്ങളെല്ലാം ആ സന്തോഷത്തിൽ പങ്കുചേരുമെന്നുള്ളതു് വളരെ പ്രോത്സാഹജനകമാണ്. ഉചിതമായ ആഘോഷപരിപാടികൾ നടത്തുവാനുള്ള ഒരുക്കങ്ങൾ തിടുക്കത്തിൽ നടക്കുന്നു.'' റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഫിലാററ് മെത്രാപ്പോലീത്തായുടെ വാക്കുകളാണിവ.. അദ്ദേഹമാണ് സഭയുടെ ബാഹ്യസമ്പർക്കം പുലർത്തുന്ന വകുപ്പിന്റെ അദ്ധ്യക്ഷൻ. ഉന്നതമായ പല ചുമതലകളും അദ്ദേഹം വഹിക്കുന്നു.

1988–ൽ നടക്കുന്ന സഹസ്രാബ്ദ ജൂബിലി, റഷ്യൻ ജനത ക്രിസ്തുമതം സ്വീകരിച്ച് ഇവിടെ സഭ ആവിർഭവിച്ചതിനെയാണ് ഓർക്കുന്നത്. മൂന്നു പ്രധാന ജനതകളുടെ സംയോജനമാണ് ഇന്നത്തെ റഷ്യൻ സമൂഹത്തിനു പിമ്പിലുള്ളത്—റഷ്യൻ യുക്രേനിയൻ, ബൈലോറഷ്യൻ എന്നിവ. കഴിഞ്ഞ ആയിരം വർഷം റഷ്യൻസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളെയും ആത്മീക സമ്പത്തിനെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനുള്ള സന്ദർഭമാണ് ജൂബിലി ആഘോഷങ്ങൾ. നേരിട്ട പരാജയങ്ങളെ പരിഹരിക്കുന്നതിനുള്ള അവസരമായും അതിനെ ആക്കിത്തീർക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

ജൂബിലി ആഘോഷത്തെപ്പററി റഷ്യൻസഭയുടെ പരമാദ്ധ്യക്ഷനായ പ. പീമൻ പാത്രിയർക്കീസ് ഇപ്രകാരം അനുസ്മരിക്കുന്നു, ''ഈ ആഘോഷത്തിന്റെ പരമോന്നതവും, പാവനവുമായ പ്രാധാന്യം അത് റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക തുടക്കം കുറിക്കുന്നു എന്നതാണ്. തന്മൂലം പുരാതന റഷ്യൻ ജനതയ്ക്ക് ക്രിസ്തുവിന്റെ സഭാകവാടത്തിലേക്കു പ്രവേശിക്കുന്നതിനും ഓരോ വിശ്വാസിക്കും നിത്യരക്ഷയുടെ പാത തുറന്നു കിട്ടുന്നതിനും സാധിച്ചു. റഷ്യയുടെ ക്രിസ്തീയ പരിവർത്തനം രാഷ്ട്രത്തെ ക്രിസ്തീയാദർശങ്ങളിൽ സംഘടിപ്പിക്കുവാൻ പര്യാപ്തമായി'',

പുരാതന റഷ്യയുടെ ഐക്യത്തിനും കെട്ടുറപ്പിനും, ക്രിസ്തീയസഭ വലിയ പ്രേരണാശക്തിയായി വർത്തിച്ചു. അന്നത്തെ നാടുവാഴികളായ രാജാക്കന്മാർ തമ്മിലുള്ള ആഭ്യന്തര സമരം അവസാനിപ്പിച്ച് ഒരു ഐക്യരാഷ്ട്രമായി വളരുവാൻ സഭ സഹായിച്ചു. മാത്രമല്ല ബൾഗേറിയ, കോൺസ്റ്റാൻറിനോപ്പിൾ മുതലായ രാജ്യങ്ങളുമായി ബന്ധം പുലർത്തുവാനും ഇടയാക്കി. ആശ്രമപ്രസ്ഥാനം സഭയുടെ ആത്മീക ജീവിതത്തെ പുഷ്ടിപ്പെടുത്തി, ആരാധനാ സംഗീതത്തിലും, ദൈവശാസ്ത്ര വിഷയത്തിലും വലിയ നേട്ടങ്ങൾ സഭ കൈവരിച്ചു. വിവിധ മണ്ഡലങ്ങളിൽ ഉന്നതശീഷരായ പല മഹാന്മാരെയും സംഭാവന ചെയ്യുവാൻ സഭയ്ക്കു സാധിച്ചു.

1917 – ഫെബ്രുവരിയിൽ ഉണ്ടായ വിപ്ളവം സഭയ്ക്കു് നേരിട്ട വലിയ ആഘാതമായിരുന്നു. ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തീകവുമായ പ്രശ്നങ്ങളിലേക്കു ശ്രദ്ധവെക്കുന്നതിനോ ഭരണാധിപന്മാരുടെ ശ്രദ്ധ അവയിലേക്ക് തിരിക്കുന്നതിനോ സഭയ്ക്കു കഴിഞ്ഞില്ല. അതിന്റെ തിരിച്ചടിയായിരുന്നു വിപ്ളവം. കഷ്ടനഷ്ടങ്ങൾ ഒട്ടുവളരെ നേരിട്ടുവെങ്കിലും ഒരുവിധത്തിൽ അതു വളരെ ഉപകാരപ്രദമായി എന്നു ഇന്നത്തെ സഭാതലവൻ വിലയിരുത്തുന്നു. ''സമൂഹത്തിന്റെ ജീവിതത്തിൽ അതു സാരമായ പരിവർത്തനം വരുത്തി. പല തലമുറകളുടെ സ്വപ്നം അതു സാക്ഷാൽക്കരിച്ചു. രാഷ്ട്രത്തിന്റെ വിഭവസമ്പത്തും, ഉല്പാദനമൂല്യങ്ങളും തന്മൂലം ജനങ്ങളുടെ പൊതുവകയായിത്തീർന്നു. മനുഷ്യബന്ധത്തെ അതു വ്യത്യാസപ്പെടുത്തി എല്ലാവർക്കും സമത്വം കല്പിക്കപ്പെട്ടു, വർഗ്ഗസമരത്തിനും, ആഭ്യന്തരമത്സരങ്ങൾക്കുമുള്ള പഴുതടച്ചുകളഞ്ഞു''

സഭയ്ക്കുണ്ടായിരുന്ന പല പദവികളും അവകാശങ്ങളും വിപ്ളംമൂലം നഷ്ടപ്പെട്ടു. അതു നന്മയ്ക്കായിരുന്നു എന്ന് സഭാനേതൃത്വം ഇന്നു മനസ്സിലാക്കുന്നു. ''ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിപ്പാനായി വന്നു'' സഭാനാഥന്റെ ആദർശം വിസ്മരിച്ചുകൊണ്ട് സ്ഥാനമാനങ്ങളും പദവികളും ആസ്വദിക്കുന്ന

അവസ്ഥയിലേക്ക സഭ വഴുതിപ്പോയതിനെ തിരുത്തുവാൻ അവസരം ഉണ്ടാക്കി. ഇന്ന രാഷ്ട്രത്തോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് ജനതയുടെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിയ്ക്കുവാൻ സഭ ഉത്സാഹിക്കുന്നു.

ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ കഴിഞ്ഞകാലസംഭവങ്ങളെല്ലാം അയവിറക്കുന്നുണ്ടാകും. പരാജയങ്ങളിൽ നിന്ന പലതും പഠിക്കുവാനുണ്ട് അതു് ഭാവികാല പ്രവർത്തനങ്ങൾക്ക് സഹായകമായിത്തീരുകയും ചെയ്യും.

ഇന്ന് റഷ്യൻ സഭയ്ക്ക് 76 ഭദ്രാസനങ്ങളുണ്ട്. അവ ഭരിക്കുന്നത് പാത്രിയർക്കീസ് നിയമിക്കുന്ന ബിഷപ്പുമാരാണ്. സഭയ്ക്ക് ആത്മീക കലവറയായി പ്രവർത്തിച്ചിട്ടുള്ള ആശ്രമങ്ങളും ഇന്ന സജീവമാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി 19 ആശ്രമങ്ങളുണ്ട്. പള്ളികളിലെ ''ഐക്കണു''കൾ പെയിൻറു ചെയ്യുക; നേർച്ചവയ്ക്കുവാനുള്ള മെഴുകുതിരികൾ ഉണ്ടാക്കുക, പള്ളിയിലെ ഉപയോഗത്തിനുള്ള അംശവസ്ത്രങ്ങൾ നിർമ്മിക്കുക ഇതെല്ലാം ആശ്രമാംഗങ്ങൾ ചെയ്യുന്ന കാര്യങ്ങളാണ്.

അന്ത്രോപ്പോവിൻെറ ഭരണ കാലത്തും തുടർന്ന ഗർബച്ചോവിൻെറ കാലത്തും സഭയോടുള്ള ബന്ധം കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. അൻപതു പള്ളികളിൽ അധികം ആരാധനയ്ക്കുതിരിച്ചുനൽകികഴിഞ്ഞു. പുതുതായ പല പള്ളികളും ഉണ്ടാക്കുന്നുണ്ട്. സൈബീരിയായിലെ ബിഷപ്പ് ഭക്തനും, ധീരനുമായ ഒരു വ്യക്തിയാണ്. അദ്ദേഹം അവിടെ അഞ്ചു പള്ളികൾ പണിയിച്ചതായി സൈബീരിയ സന്ദർശിച്ച മെത്രാപ്പോലീത്തായുമായി സംഭാഷണം നടത്തിയ എം. പി. ജോർജ്ജുശെമ്മാശൻ വെളിപ്പെടുത്തി. വേദപുസ്തകം പുതുക്കി അച്ചടിപ്പിക്കുവാൻ ശ്രമം നടക്കുന്നു. ജൂബിലി ആഘോഷസമയത്തേക്ക് അതു പൂർത്തിയാക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷയാണ്.

ഇങ്ങനെ നാനാവിധമായ പുരോഗതിയും അനുകൂലമായ സാഹചര്യങ്ങളും കൈവന്ന അന്തരീക്ഷത്തി

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഒരു വിശ്വാസി, തിരുവല്ല. അമ്പിളി അലക്സ്, ബീഹാർ. ഒരു വിശ്വാസി. മറിയാമ്മ ജോൺ. ജയിംസ് ദാനിയേൽ



താമസിച്ചതിനു ക്ഷമാപണം സുശീലാ ഫിലിപ്പ്. ഷിബിൻമോൻ, പൂനാ. കെ. തങ്കച്ചൻ & സൺസ്. ആനി ഈപ്പൻ, വെള്ളൂർ.



ലാണ് സഹസ്രാബ്ദ ജൂബിലി ആഘോഷങ്ങൾ നടത്തുന്നതു്. കഴിഞ്ഞ രണ്ടുവർഷമായി അതിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. ഇതിനോടകമായി രണ്ടുവലിയ പഠനസമ്മേളനങ്ങൾ നടന്നുകഴിഞ്ഞു. എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള വിവിധസഭാ പ്രതിനിധികൾ പങ്കെടുത്ത വലിയ സമ്മേളനങ്ങളായിരുന്നു അവ. പ്രഗത്ഭരായ വേദശാസ്ത്രജ്ഞന്മാരും സഭാചരിത്രപണ്ഡിതന്മാരും വിവിധ സെമിനാരികളിൽ നിന്നും ദൈവശാസ്ത്ര അക്കാദമികളിൽ നിന്നും യൂണിവേഴ്സിററികളിൽ നിന്നും അവയിൽ പങ്കെടുത്തു.

രണ്ടാമത്തെ കോൺഫറൻസ് 1987 മെയ് 11 മുതൽ 19 വരെ തീയതികളിൽ മോസ്ക്കോയിൽ വച്ചു നടന്നതിൽ കോട്ടയം ഓർത്തഡോക്സു വൈദികസെമിനാരിയെ പ്രതിനിധീകരിച്ചു സംബന്ധിക്കുവാൻ ഈ ലേഖകനു സാധിച്ചു. അന്താരാഷ്ട്ര തലത്തിലുള്ള ഈ സമ്മേളനത്തിൽ 150 പേർ പങ്കെടുത്തു പ്രധാന പഠനവിഷയം ''റഷ്യൻ ഓർത്തഡോക്സ് സഭയുടെ ദൈവശാസ്ത്രവും ആത്മീകതയും'' എന്നതായിരുന്നു.

അടുത്ത ഡിസംബറിൽ മൂന്നാമതൊരു പഠന കോൺഫറൻസു മേൽപറഞ്ഞ വിധത്തിൽ ക്രമീകരിക്കുന്നുണ്ട്. അതിലെ പഠന വിഷയം റഷ്യൻ ഓർത്തഡോക്സുസഭയുടെ ആരാധനാ സംഗീതം ചിത്രകലാ മാധ്യമങ്ങൾ (ഐക്കണോഗ്രഫി) പള്ളികളുടെ വാസ്തുകലാ ശില്പവും അവയുടെ പിമ്പിലുള്ള ദൈവ ശാസ്ത്രവും എന്നാതായിരിക്കുമെന്നു മനസിലാക്കുന്നു. ഇപ്രകാരമുള്ള പഠനസമ്മേളനങ്ങളിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടുകൾ ഓരോ വിഷയത്തിലും പ്രാവീണ്യമുള്ള പ്രഗത്ഭന്മാർ ഒരുക്കുന്നതാണ്. അവയെല്ലാം ക്രോഡീകരിച്ച് ബൃഹത്തായ ഒരു വാല്യമായി ജൂബിലി ആഘോഷത്തിൽ പ്രസിദ്ധീകരിക്കുവാൻ പ്രതീക്ഷിക്കുന്നു.

ജൂബിലിയാഘോഷങ്ങൾ 1988 ജൂലൈയ് മാസത്തിലായിരിക്കും നടത്തുന്നതു്. വിദേശസഭകളിൽ നിന്ന് സഭാതലവന്മാരും വേദശാസ്ത്രപണ്ഡിതരുമായി 300 പ്രതിനിധികളെ പ്രതീക്ഷിക്കുന്നു. കൂടാതെ റഷ്യൻ സഭയുടെ കൗൺസിൽ ഈ ഘട്ടത്തിൽ ചേരുന്നതാണ്. അതിൻെറ പ്രാരംഭസമ്മേളനത്തിലും സമാപന സമ്മേളനത്തിലും വിദേശപ്രതിനിധികളെയും ഉൾപ്പെടുത്തുന്നതായിരിക്കും. 1983–ൽ ഗവണ്മെൻറ് തിരികെ കൊടുത്തതും മേസ്കോ നഗരത്തിൽ തന്നെ സ്ഥിതിചെയ്യുന്നതുമായ വിശുദ്ധ ദാനിയേൽ ആശ്രമത്തിലായിരിക്കും ആഘോഷ പരിപാടികൾ നടക്കുന്നതു്. ഈ ആശ്രമം മോസ്ക്കോ നദിയുടെ തീരത്തു് 1282–ൽ പണിതീർത്തതാണ്. രാജകുമാരനായിരുന്ന ദാനിയേൽ ആശ്രമജീവിതം തെരഞ്ഞെടുത്തു് ഇതു സ്ഥാപിക്കുകയായിരുന്നു. മോസ്ക്കോയിലെ ഏററം പുരാതനമായ ആശ്രമം ഇതാണ്. വിപ്ളവത്തിനു ശേഷം 1931–ൽ ഇതു ഗവണ്മെൻറ് കൈയ്യടക്കി. വളരെ നാളത്തെ നിവേദനങ്ങളുടെ ഫലമായി 1983–ൽ തിരികെ കിട്ടി. ഇപ്പോൾ അതിൻെറ പുനരുദ്ധാരണം ധ്രുതഗതിയായി നടക്കുന്നു. അതിബൃഹത്തായ ഈ സ്ഥാപനത്തിനു ചുററും ഉയർന്ന മതിൽക്കെട്ടുകളുണ്ട്. ദേവാലയത്തിൻെറ പുതുക്കിപ്പണിപൂർത്തിയായി 200 പേർക്ക് താമസിക്കാവുന്ന ഒരു വലിയ ഹോട്ടൽ ഇതിനോടുചേർന്നു പണിയുന്നു. ഇവിടുത്തെ എല്ലാ പണികൾക്കുമായി ഒന്നരകോടി റൂബിൾ (പതിനഞ്ചുകോടി രൂപാ) ചെലവാകുമെന്നാണ് പ്രതീക്ഷ. ഈ തുകയെല്ലാം ജനങ്ങൾ സംഭാവനയായി നൽകുന്നതാണ്. ഗവണ്മെൻറിൽനിന്നോ വിദേശത്തുനിന്നോ ഒരു പൈസാ പോലും ഇവിടുത്തെസഭയ്ക്കു് ലഭിക്കുന്നില്ല. സഭയ്ക്കു് സ്ഥാവരജംഗമസ്വത്തുകൾ ഒന്നും തന്നെയില്ലെന്നും ഓർക്കണം

ആശ്രമം സന്ദർശിച്ചപ്പോൾ അവിടുത്തെ പണികൾ പുരോഗമിക്കുന്നതു കാണാൻ കഴിഞ്ഞു. ജൂബിലിയുടെ പ്രധാന സമ്മേളനത്തിൽ സഭാതലവന്മാരെ മാത്രമല്ല ഇതരമത നേതാക്കളെയും ക്ഷണിക്കുന്നുണ്ട്. ഇതുകൂടാതെ ഓരോ ഭദ്രാസനത്തിലും അതാതു സ്ഥലത്തുള്ള ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടു് ജൂബിലി ആഘോഷങ്ങളും ഉണ്ടാകും. നമ്മുടെ സഭാപരമായ ആഘോഷങ്ങളിൽനിന്ന് ഒരു വ്യത്യാസം നിശ്ചയമായും ഉണ്ടായിരിക്കും. വരവേൽപ്പുകളോ ആനയും അമ്പാരിയും ഉള്ള ഘോഷയാത്രകളോ ഉണ്ടായിരിക്കയില്ല. നമുക്കു് എന്തു് ആഘോഷമായാലും പിതാക്കന്മാരുടെ ഓർമ്മയായാലും ഘോഷയാത്രയാണ് പ്രധാന പരിപാടി. ആരാധനയിൽ സംബന്ധിക്കുന്നതിനേക്കാൾ ഉത്സാഹം രഥോത്സവത്തിലാണ്. നമ്മുടെ ഒരു വലിയ കൺവൻഷൻ അതിൻെറ ജൂബില ആഘോഷിച്ചപ്പോഴും രഥത്തിലുള്ള വരവേല്പ് മുഖ്യ പരിപാടി ആയിരുന്നു. സുവിശേഷറാലി ആയിരുന്നെങ്കിൽ സന്ദർഭത്തിനു യോജിക്കുന്നതായിരുന്നു. ഘോഷയാത്രയും വെടിക്കെട്ടുമില്ലാത്ത ആഘോഷങ്ങൾ നമുക്കു് സങ്കല്പിക്കുവാൻ കഴിയുന്നില്ലല്ലോ!

ഉയർച്ചകളുടെയും തകർച്ചകളുടെയും ചരിത്രമാണ് ജൂബിലി ആഘോഷിക്കുമ്പോൾ റഷ്യൻ സഭയുടെ മുമ്പിലുള്ളതു്. ലോകത്തിലുള്ള വിവിധ ക്രൈസ്തവ സഭകളുടെ മുമ്പിൽ അഭിമാനപൂർവം തല ഉയർത്തി

# 'താരക'യിലെ നിരൂപണത്തിന് ഒരു പ്രത്യാഖ്യാനം (i)

'മലങ്കരസഭയും നവീകരണവും' 'മാത്തോമ്മാസഭയുടെ അവകാശവാദങ്ങൾ' എന്നീ ശീഷ്കത്തിൽ ഈ എഴുത്തുകാരൻ 1986 ഏപ്രിൽ മുതൽ 'മലങ്കര സഭയിൽ' എഴുതിയ ചാരിത്രിക ലേഖനങ്ങളെ വിമർശിച്ചുകൊണ്ട് മാത്തോമ്മാസഭയുടെ ഔദ്യോഗിക നാവായ 'മലങ്കരസഭാതാരക' ഏപ്രിൽ 87 ലക്കം മാസികയിൽ അതിൻെറ പത്രാധിപർ റവ. ഡോ. കെ. വി. മാത്യു അവർകൾ എഴുതിയ നിരൂപണമാണ് ഈ എഴുത്തിന് എന്നെ പ്രേരിപ്പിച്ചത്. 'വിലയില്ലാത്തതും', 'പരിഹാസോക്തി കലന്നതും', 'ഈ രീതിയിലുള്ള' — അഥവാ — ചരിത്രസത്യമില്ലാത്തതോ ആയ — ഒരു ലേഖനം വിദ്യാസമ്പന്നനല്ലാത്ത ഒരുവൻെറ തൂലികയിൽനിന്നും പുറപ്പെട്ടതിലും, അതു് പ്രസിദ്ധപ്പെടുത്തിയ വിദ്യാവിഹീനനായ മലങ്കരസഭ പത്രാധിപരുടെ 'അനാദരണീയമായ പ്രതികരണ'ത്തിലും ബഹു. താരക പത്രാധിപർ അപലപിക്കുന്നതിൽ സഹതപിക്കുന്നതിനേ നിവൃത്തിയുള്ളു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയോടും മാർത്തോമ്മാസഭയിലെ ഇതര മേല്പട്ടക്കാരോടും ഈ ലേഖകനു് വ്യക്തിപരമായി ആദരവും ബഹുമാനവും മാത്രമാണുള്ളതു്. മെത്രാപ്പോലീത്താ തിരുമേനിയുടെ മനോരമ ലേഖനത്തിലെ കഴമ്പില്ലാത്തതും ചരിത്രവിരുദ്ധവുമായ പല പ്രസ്താവനകളും നിഗമനങ്ങളും പ്രതിപക്ഷ ബഹുമാനത്തോടുകൂടി തന്നെയാണ് ചരിത്രരേഖകൾ ഉദ്ധരിച്ചു് ഈ ലേഖകൻ ഖണ്ഡിച്ചിട്ടുള്ളതു്. നവീകരണസഭയുടെ ഉത്ഭവവും പൂവ്ചരിത്രവും എവ്വിധമായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാരുടെ രേഖകൾ ഉദ്ധരിച്ചു് തെളിച്ചുകാട്ടുക എന്ന കൃത്യമൊഴിച്ച്, മാർത്തോമ്മാസഭയിലുള്ള ആരെയുംതന്നെ എൻെറ ലേഖനത്തിൽ വ്യക്തിപരമായി മുറിപ്പെടുത്തുകയോ വിമശിക്കുകയോ ചെയ്യാത്ത സ്ഥിതിക്ക് ബഹു. നിരൂപകൻെറ ഉപക്രമപ്രസംഗത്തിൽ അന്തർലീനമായിരിക്കുന്ന പരോക്ഷമായ അധിക്ഷേപവും അമർഷവും അസ്ഥാനത്തു തന്നെയാണ്.

നവീകരണം — അഥവാ മലങ്കര സുറിയാനി സഭയിലെ ശുചീകരണമെന്ന പേരിൽ ലളിതബുദ്ധി

---

നിൽക്കുവാൻ ഇന്നത്തെ റഷ്യൻ സഭയ്ക്കുസാധിക്കും. പൗരസ്ത്യ ഓത്തഡോക്സ്സഭകളുടെ ഗണത്തിൽ പലതുകൊണ്ടും പ്രാഥമ്യം ഇന്ന് ഈ സഭയ്ക്ക് അവകാശപ്പെടാം. ഇതര സഭകളോടുള്ള ബന്ധത്തിൽ ഉററ സൗഹൃദം പുലർത്താൻ ആത്മാത്ഥമായി ശ്രമിക്കുന്നു. ഇവരുടെ പണം ചെലവാക്കിയാണ് വിദേശ സഭാപ്രതിനിധികളെ സമ്മേളനങ്ങൾക്കു ക്ഷണിക്കുന്നതു്. വരുന്ന അതിഥികളെ രാജകീയമായി സ്വീകരരിച്ച് അവരുടെ സുഖസൗകര്യങ്ങൾ സൂക്ഷ്മമായി ശ്രദ്ധിക്കുന്നു.

ജൂബിലി ആഘോഷങ്ങൾ അനുഗ്രഹപ്രദമായിത്തീരുന്നതിനു നമുക്കു പ്രാർത്ഥിക്കാം. റഷ്യൻ സഭയേക്കാൾ ഒൻമ്പതു നൂററാണ്ടു് പഴക്കമുള്ള നമ്മുടെ ചെറിയ സഭയും ജൂബിലിയിൽ പങ്കെടുക്കുന്നുണ്ടാകാം. നമുക്കു് നമ്മുടേതായ ഭാവുകങ്ങൾ ആശംസിക്കാം. രാഷ്ട്രത്തിൽനിന്നു കൂടുതൽ സ്വാതന്ത്ര്യങ്ങൾ ലഭിക്കുന്നതിനും സഭയുടെ ദൗത്യം യഥാവിധി നിർവഹിപ്പാനുള്ള പ്രചോദനം ലഭിക്കുന്നതിനായും നമുക്കു പ്രാർത്ഥിക്കാം.

—o—

---

MAR BASELIOS
CHILDREN'S HOME
Mannapra (P. O.)
Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959—ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിഭ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.



യും ശുഭാപ്തിവിശ്വാസിയും ശുദ്ധാത്മാവുമായ പാലക്കുന്നത്തു അബ്രഹാം മല്പാനച്ചൻ ലോ ചർച്ചുകാരായ സി. എം. എസ്. ആംഗ്ലേയ മിഷിനറിമാരെക്കുറിച്ചുള്ള ആദരാന്ധതയിൽ അവരുടെ വിദൂരലക്ഷ്യം മനസ്സിലാക്കാതെ സുറിയാനിസഭയുടെ മൗലിക വിശ്വാസോപദേശ സാഹിത്യങ്ങളെ (തക്സാ) ധ്വംസനം ചെയ്തുകൊണ്ട് പുരാതനവും ബഹുമാനാഹ്വുമായ ഒരു കാതോലിക് സഭയുടെ സ്ഥിരപ്രതിഷ്ഠിതമായ കുബ്ബാന തക്സാ, സഭയുടെയോ, സുന്നഹദോസിൻെറയോ, മലങ്കര മെത്രാപ്പോലീത്തായുടെയോ അനുവാദമില്ലാതെയും എതിർപ്പുകൾ വകവെക്കാതെയും മിഷിനറിമാരുടെ ഇംഗിതാനുസരണം അവരുടെ സുറിയാനിസഭാ ശിഥിലീകരണാസൂത്രണത്തിൽ കുടുങ്ങി സ്വാഭീഷ്ടപ്രകാരവും വ്യക്തിപരമായും വെട്ടിത്തിരുത്തി മലയാളത്തിൽ തർജ്ജമ ചെയ്ത പൂർവ്വചരിത്രങ്ങളും, മല്പാൻെറ മരണത്തോടുകൂടി തിരോധാനം ചെയ്തതും, അതിനു് മുപ്പത്തിയൊന്നു് വർഷങ്ങൾക്കുശേഷം മാത്രം 1053—ൽ മാർ തോമസ് അത്തനാസ്യോസിൻെറ ഭരണാരംഭത്തിൽ ഒരു പ്രത്യേക ക്രമത്തിനു് യുഹാനോൻ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി എഴുതിയ അവതാരികയിൽ,

'ആരെ മിന്നലുടത്തവർ നോക്കുകിൽ
എരിയുന്നുടനെ,
അവനെ മൺമയർ ഭക്ഷിച്ചു മുഖം
തെളിയുന്നേററം.'

എന്നൊരു ഗീതം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, അപ്പവും വീഞ്ഞും കൊടുക്കുമ്പോൾ ഈ പാട്ടു് പാടുന്നതുകൊണ്ട് വി. കുബ്ബാനയിൽ അപ്പവും വീഞ്ഞും ഭക്ഷിക്കുന്നതു ക്രിസ്തുവിൻെറ ശരീര രക്തങ്ങളെയാണ് ഭക്ഷിക്കുന്നതെന്നത്ഥമാണെന്നുള്ള ഓർത്തഡോക്സ് സഭാവിശ്വാസം മാർത്തോമ്മാസഭയുടെ വിശ്വാസത്തിനെതിരാണെന്നും യുഹാനോൻ തിരുമേനി യാക്കോബായ (ഓർത്തഡോക്സ്) വിശ്വാസിയാണെന്നും മററും ചാർജ് ചെയ്തുകൊണ്ട് മെത്രാപ്പോലീത്തായെയും റവ. സി. വി. ജോൺ കശീശായേയും പ്രതിചേത്തു് പ്രശസ്ത മാർത്തോമ്മാസഭാനേതാവും, സഭാചരിത്രകാരനും എപ്പിസ്കോപ്പൽ ഇലക്ഷൻ ബോർഡ് മെമ്പറും, 1944 മുതൽ 57 വരെ മാർത്തോമ്മാ സഭാകൗൺസിൽ മെമ്പറും 1062 മുതൽ 1095 വരെ താരക പത്രാധിപരുമായ ശ്രീ. കെ. എൻ. ദാനിയേൽ കോട്ടയം ജില്ലാക്കോടതിയിൽ 116—ാം നമ്പറായി ഒരു തക്സാനിരോധനക്കേസ് ഫയൽ ചെയ്യുകയുണ്ടായി. തൻെറ നിലയുടെ സമത്ഥനത്തിനായി ശ്രീ. ദാനിയേൽ അങ്ങനെയൊരു കേസ് തൻെറ സഭാനേതൃത്വത്തിനെതിരായി ഫയൽ ചെയ്തതുകൊണ്ട് ബഹു. താരക പത്രാധിപരുടെ സിദ്ധാന്തമനുസരിച്ച് മി. ദാനിയേൽ വിദ്യാസമ്പന്നനല്ലെന്നു വരുന്നു.

നവീകരണത്തെ സംബന്ധിച്ചിടത്തോളം സുറിയാനി സഭയുടെ വിശ്വാസാചാര സാഹിത്യ സമുച്ചയത്തെപ്പററി അത്യന്തം പാണ്ഡിത്യപൂവ്വം ഒരഭിപ്രായം പറയത്തക്കവണ്ണം അബ്രഹാം മല്പാൻ ഒരു മതതത്വശാസ്ത്രചിന്തകനോ, പൗരസ്ത്യ വേദശാസ്ത്രവിശാരദനോ, അഗാധ ബുദ്ധിമാനോ, ഒരു ചരിത്രപണ്ഡിതനോ, ഗവേഷകനോ ആയിരുന്നില്ലെന്നും അദ്ദേഹം സി. എം. എസ്. മിഷിനറിമാരുടെ പ്രേരണക്കൊത്ത് വിശ്വാസാചാര നവീകരണത്തിനു് ഉദ്യമിച്ചിരുന്നുവെന്നും, സുറിയാനി കർബാനതക്സാ വെട്ടിത്തിരുത്തുന്നതിനായുള്ള പരിശ്രമത്തിൻെറ വിജയത്തിനായി മല്പാൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ടു മാർ ദീവന്നാസ്യോസിൻെറ ഒരു മൗനസമ്മതമെങ്കിലും വാങ്ങാനായി അദ്ദേഹത്തെ സമീപിച്ചപ്പോൾ ലഭിച്ച പ്രതികരണവും സമ്മാനവും എന്താ

---

## ജോർജ് വർഗീസ്, മദ്രാസ്

---

സാഹചര്യത്തിൽ പുനരാവിർഭവിച്ചതുമായ നവീകരണപ്രസ്ഥാനത്തിൻെറ പശ്ചാത്തലവും ഉദ്ദേശശുദ്ധിയും നീതീകരിക്കുന്നതിനും ആംഗ്ലിക്കൻ മിഷിനറിമാരാണ് സുറിയാനിക്കാരെ വേദപുസ്തകം പഠിപ്പിച്ചതെന്നും പ്രാത്ഥിപ്പാൻ പഠിപ്പിച്ചതെന്നും അതുമുതൽക്കാണ് ക്രിസ്തീയരക്ഷയുടെ യഥാത്ഥ അനുഭവം സഭയ്ക്കു ഗ്രഹിപ്പാനിടയായതെന്നും മററുമുള്ള മാത്തോമ്മാ സഭാചരിത്രകൃത്തുക്കളുടെ ഇതിഹാസങ്ങൾക്കു് വർണ്ണപ്പകിട്ടു കൊടുപ്പാനുമാണ് 16 ഫെബ്രുവരി 1986—ലെ മനോരമ ലേഖനം കൊണ്ടുദ്ദേശിച്ചതെന്നു സ്പ്ഷ്ടമാണല്ലൊ. ഈ ലേഖകൻ പ്രസ്തുത ലേഖനത്തിലെ ചാരിത്രിക വൈരുദ്ധ്യങ്ങളെ ചരിത്രരേഖകൾ ഉദ്ധരിച്ചു പ്രകാശിപ്പിച്ചതിൽ ബഹു. താരക പത്രാധിപർ അമർഷം കൊണ്ടിട്ടു കാര്യമില്ല.

മാത്തോമ്മാസഭയുടെ വിശ്വാസോപദേശങ്ങളെ ചർച്ചചെയ്യുന്നവരും ആ സഭയുടെ പൂർവ്വചരിത്രം വിശകലനം ചെയ്യുന്നവരും ആരും വിദ്യാസമ്പന്നന്മാരല്ലെന്നുള്ള ഒരു നവീന സിദ്ധാന്തമാണ് ബഹു. താരക എഡിററർ അവതരിപ്പിക്കുന്നത്. 1954—ൽ പ്രസിദ്ധപ്പെടുത്തിയ മാർത്തോമ്മാസഭയുടെ കുബ്ബാന

അതിനിടയിൽ ഒരു കുട്ടിയെ ചൂണ്ടി തിരുമേനി ചോദിച്ചു.

'കല്ലുംപുറത്തെ മാത്തുച്ചന്റെ മകനാണ്'. അപ്രതീക്ഷിതമായ ചോദ്യം കേട്ട വികാരിയച്ചനാണ് മറുപടി നല്കിയത്.

കൊള്ളാം....ഇവന്റെ തലയിൽ ഒരു തൊപ്പി വയ്ക്കുന്നതിനു ഭാഗ്യമുണ്ടല്ലോ........തിരുമേനി കല്പിച്ചു.

അതു കേട്ടയുടനെ ആറു വയസ്സുകാരനായ കൊച്ചൂഞ്ഞ് അമ്മയുടെ അടുത്തേക്ക് ഓടി. സന്തോഷം കൊണ്ട് മതിമറന്നു.

'അമ്മേ....തിരുമേനി അപ്പച്ചൻ എനിക്കൊരു തൊപ്പി തരുവാൻ പോകുന്നു....' കൊച്ചൂഞ്ഞിനേയും കൂട്ടി മാതാവായ ഏലിയാമ്മ ഉടനെതന്നെ തിരുമേനിയുടെ സന്നിധിയിലെത്തി. അനുഗ്രഹം വാങ്ങിയിട്ട് ഉണർത്തിച്ചു.

'ഒരാഗ്രഹമുണ്ട്....'

എന്താണ് തിരുമേനി ചോദിച്ചു.

'ഇവനെ ദൈവത്തിനു നേർന്നതാണ്. അപ്പൻ സമ്മതിക്കുന്നില്ല....'

'അപ്പനെ കൂട്ടികൊണ്ടുവാ....'.

## ജോൺ തോമസ്, കരിങ്ങാട്ടിൽ

കൊച്ചൂഞ്ഞിന്റെ പിതാവായ തൊമ്മി മാത്തുവിനെ കൂട്ടികൊണ്ടുവരാൻ ഉടനെതന്നെ പള്ളി അങ്കണത്തിലേക്ക് ആളയച്ചു.

ആ ഭക്തകുടുംബം അന്നു പതിവുപോലെ ആരാധനയിൽ പങ്കെടുക്കാൻ എത്തിയതാണ്. പരിശുദ്ധനായ പരുമല തിരുമേനിയുടെ അനുഗ്രഹവും വാങ്ങണം. തൊമ്മിമാത്തു വന്നപ്പോൾ തിരുമേനി പറഞ്ഞു.

'നിന്റെ മോനെ ഞാൻ എടുത്തിരിക്കുന്നു'.

'തിരുമേനി ഇവൻ മൂത്ത മകനാണ്....ഇവന്റെ അനിയനെ തരാം....'.

തൊമ്മി മാത്തു അറിയിച്ചു.

'രണ്ടു പേരും ഇരിക്കട്ടെ. എടുത്തതെടുത്തു. ഇവൻവലിയവനാകും....'.

കൊച്ചൂഞ്ഞ് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന സി. എം. തോമസിനെ പിന്നെ ആറു വഷം കഴിഞ്ഞ് ദൈവവിളിയുടെ അനുഗ്രഹം തേടിഎത്തി. പന്ത്രണ്ടാം വയസ്സിൽ കൈവയ്പു ലഭിച്ചു മദ്ബഹായിൽ ശുശ്രൂഷകനായി.

തോമസ് പിന്നെ ശെമ്മാശ്ശനായി, വൈദീകനായി, റമ്പാനായി, മെത്രാപ്പോലീത്തായായി, ഒടുവിൽ പരുമല തിരുമേനിയുടെ തന്നെ പിൻഗാമിയായി—നിരണത്തിന്റെ അജപാലകൻ മാത്തോമ്മാ ദീവന്നാസിയോസ് മെത്രാപ്പോലീത്ത.

**'മഹാനായ ദീവന്നാസിയോസ്'**

**പോരും മണലിൽ**

അതേ,

'ഡയനീഷ്യസ് ദി ഗ്രേററ്

ദി ഗ്രേററ് ഓഫ് മലങ്കര

ദി ഗ്രേററ് ഓഫ് ഓൾ ഹ്യൂമൺ മൈൻഡ്സ്!!!

എന്നാരോ വിശേഷിപ്പിച്ചതു് അക്ഷരാത്ഥത്തിൽ അന്വർത്ഥമാണ്.

മനുഷ്യഹൃദയങ്ങളുടെ അധിപനായി അനശ്വര പ്രതിഷ്ഠ നേടിയ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെ വിളിച്ചറിയിക്കുവാൻ പര്യാപ്തമായിരുന്നു

### ഭക്തിവാക്യങ്ങൾ

**പരിശുദ്ധാത്മാവ്**

'നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും, ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?'

1 കൊരി. 3: 16

പത്തനാപുരത്തു നടന്ന ജന്മദിന ശതാബ്ദിയാഘോഷം.

കർമ്മധീരനും ഋഷിവര്യനുമായ അദ്ദേഹം ആർഷസംസ്ക്കാര ദർശനം ഉൾക്കൊണ്ടതിന്റെ പ്രതീകമാണ്, ഇന്ന് താബോർ മണ്ണിൽ ദീപസ്തംഭങ്ങളായി പരിലസിക്കുന്ന ആദ്ധ്യാത്മീക കേന്ദ്രങ്ങൾ.

ഭൗതികമായ അവസ്ഥയിലൂടെ ആദ്ധ്യാത്മിക നേട്ടം കൈവരിക്കുക എന്ന തത്വപാന്ഥാവിലൂടെ ആ യോഗിവര്യൻ ചുവടുകൾ നീക്കിയതുകൊണ്ട് പത്തനാപുരം ഇന്ന് വിദ്യാദാനകേന്ദ്രവുമായി തീന്നിരിക്കുന്നു.

അനേകർക്ക് ക്രിസ്തുവിന്റെ വെളിച്ചം പകന്നു കൊടുക്കുന്നതിന്, താപസ—തപസിനികളെ



വാർത്തെടുക്കുന്ന മൂശയായ താബോർ, അസ്വസ്ഥ ഹൃദയങ്ങൾക്കാശ്വാസമായ താബോർ, ദർശനങ്ങൾക്കുറവിടമായ താബോർ........!

അതിന്റെ പിന്നിൽ ഒരു ഇതിഹാസത്തിന്റെ കഥതന്നെയുണ്ട്.

ഒരു നൂററാണ്ടിനു മൻപ്:

കാട്ടാനകളുടെ ചിന്നംവിളിയും ആന, കടുവ, പുലി തുടങ്ങിയ ഹിംസ്ര ജന്തുക്കളുടെ ഉപദ്രവും ഉള്ളതായിരുന്ന പത്തനാപുരം കുന്ന്.

അവിടെ, നന്മയുടെ ഒരു പ്രകാശഗോപുരം ഉയരുന്നതായി ഒരു താപസൻ ദർശനം കണ്ടു. ആ ദശ്നത്തിന്റെ സാക്ഷാത്ക്കാരമത്രേ ഇന്നത്തെ പത്തനാപുരം താബോർ.

ഒരു ദേശത്തിന്റെ തന്നെ മുഖഛായ മാററിയ, മണ്ണിനെ പൊന്നാക്കിയ, കാടിനെ നാടാക്കിയ കഥയിലെ നായകൻ താപസശ്രേഷ്ഠനായ തോമ്മാ മാർ ദീവന്നാസിയോസ് തന്നെയായിരുന്നു.

ആ യുഗപുരുഷന്റെ ജീവിതസാക്ഷാത്ക്കാരത്തിന്റെ അവിസ്മരണീയ ചിത്രങ്ങൾ അഥവാ ഒരു പുരുഷായുസ്സിന്റെ കഥകൾ മൂന്നു ദിവസംകൊണ്ട് പത്തനാപുരം നിവാസികളും മലങ്കര മക്കളും പങ്കുവെച്ചു. ഭക്തിനിർഭരമായ ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകർ ആ പുണ്യഭൂമിയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.

ജൂൺ 6, 7, 8.

മാർ ദീവന്നാസിയോസിന്റെ ജന്മദിനശതാബ്ദിയാഘോഷദിനങ്ങളായിരുന്നു.

1887 ജൂണെട്ടിനു തൃക്കേട്ട നാളിൽ മാവേലിക്കര കല്ലുംപുറത്തു ശാഖയിൽ പിറന്ന സൂര്യപുരുഷന്റെ ജന്മദിന ശതാബ്ദിയാഘോഷ ചടങ്ങുകൾക്കന്ത്യം കുറിച്ചതു് 1987 ജൂണെട്ട് തിങ്കളാഴ്ചയായിരുന്നു.

ഇന്നേയ്ക്ക് നൂറു വർഷം തികയുന്നു. ആ ദിവ്യ തേജോഗോളം മലങ്കരയുടെ നവോത്ഥാനത്തിനായി പിറന്നിട്ട്.

പീഡനങ്ങൾ വന്നിട്ടും സഹിഷ്ണതയോടെ സഭയെ നയിച്ച 'ഓർത്തഡോക്സിയുടെ കാവൽഭടനായ' അദ്ദേഹത്തിന്റെ മുന്നിൽ മലങ്കരമക്കൾക്ക് ശിരസ്സ് നമിക്കാം.

ഒപ്പം പ്രതിജ്ഞയും പുതുക്കാം.

### മാർ ദീവന്നാസിയോസ്
### ഉജ്ജ്വല വ്യക്തിത്വത്തിന്റെ പ്രതീകം

**ബഹു. ഗവർണർ പി. രാമചന്ദ്രൻ**

അവിരാമ പരിശ്രമത്തിലൂടെ സമുന്നതമായ വിജയങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞ തോമ്മാ മാർ ദീവന്നാസിയോസ് ഉജ്ജ്വല വ്യക്തിത്വത്തിന്റെ പ്രതീകമാണെന്നു ബഹു. കേരള ഗവർണ്ണർ പി. രാമചന്ദ്രൻ പ്രസ്താവിച്ചു. ക്രാന്തദർശികളായ യുഗപുരുഷന്മാർക്കു മാത്രമെ ഇത്തരം വ്യക്തിത്വത്തിനുടമയാകുവാൻ സാധിക്കൂ.

മൗണ്ട് താബോർ ദയറായുടെ സ്ഥാപകനും നിരണം ഭദ്രാസന മെത്രാപ്പോലീത്തായുമായിരുന്ന തോമ്മാ മാർ ദീവന്നാസിയോസിന്റെ ജന്മദിന ശതാബ്ദിയാഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വികസനോന്മുഖമായ പ്രവർത്തനങ്ങൾകൊണ്ട് പത്തനാപുരത്തെ സാംസ്കാരികപരമായും വിദ്യാഭ്യാസപരമായും ഉയർത്തിയതിന്റെ സ്നേഹാദരവുകൾ അർഹിക്കുന്നത് ദീവന്നാസിയോസ് മെത്രാപ്പോലീത്തായാണെന്ന് ഗവർണർ അഭിപ്രായപ്പെട്ടു. കേരള സംസ്ക്കാരത്തിൽ വിദ്യാഭ്യാസ മേഖലയ്ക്ക് നിസ്തുല്യമായ സംഭാവനകളർപ്പിക്കുവാൻ ക്രൈസ്തവ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്—മാർ ദീവന്നാസിയോസിന്റെ വിദ്യഭ്യാസപ്രവർത്തനത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് ഗവർണ്ണർ ഇക്കാര്യം വ്യക്തമാക്കിയതു്.

### മാർ ദിവന്നാസിയോസ്
### മഹാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ

**—പരി: കാതോലിക്കാബാവ.**

സർവ്വകഷ്ടതയും ത്യാഗവും സ്വയം ഏറെറടുത്തു പ്രവർത്തിച്ചതുകൊണ്ട് ഒരു മഹാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായിത്തീരുവാൻ മാർ ദിവന്നാസിയോസിനു കഴിഞ്ഞിരിക്കുന്നുവെന്ന് പരി. കാതോലിക്കാബാവ പ്രസ്ഥാവിച്ചു.

ജന്മദിന ശതാബ്ദിയാഘോഷങ്ങളുടെ സമാപനചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ.

യേശുക്രിസ്തുവിന്റെയും ദൈവമാതാവിന്റെയും യോഹന്നാൻ മാംദാനായുടെയും ജന്മദിനവും വാങ്ങിപ്പും ഓക്കുന്ന പൗരസ്ത്യസഭ മഹാരഥന്മാരുടെ ജന്മദിനവും സ്മരിച്ചനുഗ്രഹം പ്രാപിക്കുന്നരീതിയുണ്ടെന്ന് പരി. ബാവാ അജഗണങ്ങളെ ഓർമ്മിപ്പിച്ചു.

ഭാരത സംസ്കാരത്തിൽനിന്നാജ്ജിച്ച ശക്തിയും ഏകാന്ത ധ്യാനവും കൊണ്ട് ഒരു നല്ല സംഘം ആളുകളെ—താപസശ്രേഷ്ഠന്മാരെ— പരിശീലിപ്പിക്കുന്ന ഒരു മഹാ പ്രസ്ഥാനമാക്കി താബോറിനെ മാററു

വാൻ മാർ ദിവന്നാസിയോസിനുകഴിഞ്ഞിരിക്കുന്നതിൽ പരിശുദ്ധ ബാവാ സന്തുഷ്ടി പ്രകടിപ്പിച്ചു.

**നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്.**

ശ്രേഷ്ഠങ്ങളായ വിശേഷഗുണങ്ങളുടെ ഉറവിടമായി ചിത്രീകരിക്കാവുന്ന മഹത് വ്യക്തിയാണ് മാർ ദിവന്നാസിയോസ് എന്ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. ക്രിസ്തുവിന്റെ ആപ്തവാക്യങ്ങൾ സ്വജീവിതത്തിൽ പ്രായോഗികമാക്കിയ ശ്രേഷ്ഠ മുനിവര്യനമായിരുന്ന മാർ ദിവന്നാസിയോസ്.

**കേന്ദ്രമന്ത്രി എം. എം. ജേക്കബ്**

കേരളത്തിലെ ജനജീവിതത്തിനു മുഴുവനാദരണീയനും സമൂഹത്തെ ചൈതന്യവത്താക്കിത്തീർത്ത യോഗിയുമാണ് മാർ ദിവന്നാസിയോസെന്ന് കേന്ദ്രമന്ത്രി എം. എം. ജേക്കബ് പ്രസ്താവിച്ചു. നീണ്ട പരീക്ഷണഘട്ടങ്ങൾ ഉണ്ടായിരുന്നിട്ടും തളരാത്ത വ്യക്തിപ്രാഭവം തെളിയിച്ചു കൊണ്ട് ക്രൈസ്തവസംഭാവന കേരളമണ്ണിൽ ഫലഭൂയിഷ്ഠമാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പത്തനാപുരത്തെ ബഹുമുഖങ്ങളായ സ്ഥാപനങ്ങളെ ജേക്കബ് വിലയിരുത്തി.

**മനോരമ ചീഫ്എഡിറ്റർ കെ. എം. മാത്യൂ**

ഭൗതിക മാനവസംസ്കാരത്തെയും ആദ്ധ്യാത്മിക സംസ്കാരത്തെയും സമന്വയിപ്പിച്ച കർമ്മധീരനാണ് തോമ്മാ മാർ ദിവന്നാസിയോസ് എന്ന് മനോരമ ചീഫ്എഡിറ്റർ കെ. എം. മാത്യു പ്രസ്താവിച്ചു. സഭയുടെ ആഗോള വികസനത്തിന്റെ നാന്ദി കുറിക്കലായിരുന്ന മാർ ദിവന്നാസിയോസിലൂടെ നിറവേറപ്പെട്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ദീർഘവീക്ഷണമുള്ള ദൈവദാസനായിരുന്ന സ്മര്യപുരുഷൻ എന്ന് ബിഷപ്പ് എം. സി. മാണി പ്രസ്താവിച്ചപ്പോൾ യൂറോപ്പിന്റെ ചരിത്രം മാററിക്കുറിച്ച; സന്യാസസമൂഹത്തിന്റെ ഊട്ടം പാവുമായിരുന്ന സെൻറ് ബനഡിക്ടായി മാർ ദിവന്നാസിയോസിനെ ബിഷപ്പ് ഈശോ മാർ തീമോത്തിയോസ് വിശേഷിപ്പിച്ചു. തുടർന്ന് തോമസ് കുതിരവട്ടം എം. പി., സി. എ. ജോർജ്ജ് എക്സ് എം. എൽ. എ., പി. എസ്. സി. മെംബർ എം. കെ. തോമസ്, ഫാദർ മത്തായി നൂറനാൽ എന്നിവരും പ്രസംഗിച്ചു.

മദ്രാസ് ഭദ്രാസനാധിപൻ സഖറിയാസ് മാർ ദിവന്നാസിയോസ് സ്വാഗതവും റവ. ഡോ. എൻ. ജെ. തോമസ് റമ്പാൻ നന്ദിയും രേഖപ്പെടുത്തി.

ജന്മദിന ശതാബ്ദി സ്മാരകത്തിന്റെ ഉദ്ഘാടനവും ബഹു. ഗവർണ്ണർ നിർവഹിച്ചു. ദീവന്നാസിയോസ് സ്മാരക ഫൗണ്ടേഷൻ നിർമ്മിച്ചുകൊടുത്ത വീടിന്റെ താക്കോൽദാനം പരി. ബാവാനിർവഹിച്ചു.


## COURSE IN HEALTH AND HOSPITAL CHAPLIANCY

**PADHAR HOSPITAL, BETUL DIST, MADHYA PRADESH**

**5th September to 30th September 1987**

The Christian Medical Association of India is organising the third course in health and hospital chaplaincy. The course seeks to impart the Christian understanding of health., healing wholeness through lectures, role-plays, visitation of the hospital wards, reading assignments, and designing worship services for patients and hospital staff. It also will consider the deeper implications of healing outside the hospital.

Pastors and hospital chaplains in the healing ministry are welcome to attend. We would prefer sponsered candidates from CMAI institutions and churches. A few scholarships are available. Register at the earliest by paying Rs 50/- to the Chaplain, CMAI, Smruti Theatre Compound, Nagpur - 440 001.

Experienced and eminent leaders from medical, theological and pastoral fields will help in training pastors in this course. The course is designed to help the participants develop skills in counselling, pastoring and ministering to those in the world of the sick and the suffering. It is unique in many ways as it will combine the medical, pastoral and theological resources of the church in healing ministry.

The course conducted in English will be from 5th to 30th September at Padhar Hospital of the Evangelical Lutheran Church in Madhya Pradesh. The nearest railway station is Betul on the Bhopal - Nagpur line. For Further information about the course write to -

Rev. NINAN CHACKO, Chaplain, CMAI, Post Box 24, Nagpur 440 001




# സഭാവാർത്തകൾ

**ഡോക്ടറേററു ലഭിച്ചു**



കോന്നി ചെറുകുന്നത്ത് ഉമ്മൻ ഏബ്രഹാമിന്റെ മകൻ റവ. ഫാ. സി. കെ. രാജന് അമേരിക്കയിലെ ന്യൂയോക്ക് Graduate Teachers School ളിൽനിന്ന് Educational Administration എന്ന വിഷയത്തിൽ Phd. ഡിഗ്രി ലഭിച്ചിരിക്കുന്നു.

ഫാ. രാജൻ കോട്ടയത്ത് ഓർത്തഡോക്സ് വൈദികസെമിനാരിയിൽനിന്ന് B. D. G., S. T. ബിരുദങ്ങളും, ആലുവാ യു. സി. കോളജിൽനിന്ന് എം. ഏ. യും, കേരള യൂണിവേർസിററിയിൽനിന്ന് എം. എഡും ഡിഗ്രികൾ കരസ്ഥമാക്കിയിട്ടുണ്ട്.

ഇദ്ദേഹം ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽനിന്ന് യൗഫദിയാക്നോ പട്ടവും അമേരിക്കയിൽവച്ച് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിൽനിന്ന് ശെമ്മാശ്ശ പട്ടവും തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ വാഷിംഗ്ഡനിൽവച്ച് പീലിപ്പോസ് മാർ തേയോഫീലോസ് മെത്രാപ്പോലീത്തായിൽനിന്ന് കശ്ശീശാ പട്ടവും സ്വീകരിച്ചു.

മലങ്കരസഭ മാസികയുടെ ആയുഷ്ക്കാല മെമ്പർ കൂടിയായ ഫാ. രാജന് അഭിനന്ദനങ്ങൾ (പ.)

**യാത്രഅയപ്പ്**

ഇടവങ്കാട് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിവികാരിയായി സേവനം അനുഷ്ഠിച്ചശേഷം സ്ഥലംമാറിപോകുന്ന പി. ജി. മാത്യൂസ് അച്ചന് ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ ചുമതലയിൽ യാത്രയയപ്പ് നല്കി. അച്ചന് ഇടവക വകയായി പാരിതോഷികവും നല്കുകയുണ്ടായി.

ശ്രീ പോൾ മണലിൽ—മനോരമ— എഴുതിയ 'മഹാനായ ദിവന്നാസിയോസ്' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ഗ്രന്ഥകാരനായ പോൾ മണലിനു ഗവർണ്ണർ സ്വർണ്ണമെഡൽ സമ്മാനിച്ചു.

ജന്മശതാബ്ദിയാഘോഷ പരിപാടികളിൽ, സിംമ്പോസിയം മതസാംസ്കാരിക സമ്മേളനം വിദ്യാഭ്യാസ സെമിനാർ തുടങ്ങിയ ഒട്ടനവധി പ്രോഗ്രാമുകൾ ഉൾക്കൊള്ളിച്ചിരുന്നു. മേത്രാപ്പോലീത്തന്മാർ, റമ്പാന്മാർ, വൈദികർ, കന്യാസ്ത്രീകൾ, വിവിധ സാംസ്കാരിയ രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഒട്ടവവധിയാളുകൾ ശതാബ്ദിയാഘോഷങ്ങളിൽ ആദ്യവസാനം പങ്കെടുത്തു.

## കുരിശിൻതൊട്ടി കൂദാശ

അട്ടൂർ കരുവാററാ വിദ്യാനഗറിൽ പ. പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിൻതൊട്ടിയുടെ കൂദാശ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മാത്യൂസ് മാർ എപ്പിപ്പാനിയോസ് എപ്പിസ്കോപ്പായുടെ സഹകരണത്തിലും നടന്നു.

കൂദാശയ്ക്കുശേഷം പ. പരുമല തിരുമേനിയുടെ ഛായാചിത്രാനാഛാദനവും കുട്ടികൾക്ക് അക്ഷരമെഴുത്തും മാർ കൂറീലോസ് തിരുമേനി നടത്തി. (കവർ രണ്ടാം പേജിലെ ചിത്രം) അനാഛാദനംചെയ്ത ചിത്രം കേരളാ ടെക്സ്റ്റയിൽസ് പി. വി. ജോൺസൺ സംഭാവന ചെയ്തതാണ്.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ കൂറീലോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. മാർ എപ്പിപ്പാനിയോസ് തിരുമേനി, സിസ്ററർ സൂസൻ കരുവിള, ഫാ. പി. വി. ജോസഫ്, ഫാ. ററി. പി. ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

കുരിശിൻതൊട്ടി നിർമ്മാണം കൺവീനർ എസ്. കെ. അട്ടൂർ സ്വാഗതവും വികാരി ഫാ. പി. വി. ഏലിയാസ് കൃതജ്ഞതയും പറഞ്ഞു.

കുട്ടികൾക്ക് അക്ഷരമെഴുത്തും നെയ്യപ്പം നേർച്ച വിളമ്പും വിദ്യാനഗറിൽ എല്ലാ വർഷവും നടത്തപ്പെടും. ഇതു സംബന്ധിച്ച പ്രവർത്തനം മാർ ഗ്രീഗോറിയോസ് ചാരിററി ട്രസ്ററിന്റെ നേതൃത്വത്തിൽ ആയിരിക്കും നടത്തുന്നത്.

## ബഹറിനിൽ ജൂബിലി ആഘോഷിച്ചു

ബഹറിൻ സെൻറ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ സെ. തോമസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെൻറിന്റെ കനകജൂബിലി ആഘോഷം വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടു. വികാരി ഫാ. യൗനാൻ മുളമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഏബ്രഹാം വർഗീസ്, ഏബ്രഹാം ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ഏകദിനസമ്മേളനത്തിൽ ബഹറിൻ മാർത്തോമ്മാ ഇടവകവികാരി ഫാ. പി. കെ. മാത്യൂസ് 'മനുഷ്യൻ വിവിധ മതവീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചാക്ലാസ്സിനു നേതൃത്വം നല്കുകയും ചെയ്തു. മി. ഏബ്രഹാം വർഗീസ് സ്വാഗതവും കെ. ജി. ഡാനിയേൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

## ബൈബിൾ സൌജന്യ വിലയ്ക്ക്

വി. വേദപുസ്തകത്തിന്റെ വിലയായ 27 രൂപാ കൊടുത്തു വാങ്ങുന്നതിനു പണസംബന്ധമായി ഞെരുങ്ങുന്നവർക്ക് പന്ത്രണ്ടര രൂപാ വിലയ്ക്കു പുസ്തകം ലഭിക്കുന്ന ഒരു പദ്ധതി ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റവ. ഫാ. എം. സി. കുര്യൻ, മുണ്ടുകോട്ടയ്ക്കൽ, റാന്നി, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ എഴുതുക.

## സ്ത്രീസമാജ വാർഷീകം

കണ്ടനാട് ഭദ്രാസനത്തിലെ സ്ത്രീസമാജ വാർഷീകം 1987 മെയ് 30–ാംതീയതി പാലക്കുഴ സെൻറ് ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻററിൽ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ജോസഫ് മാർ പാക്കോമിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. ഫാ. ററി. പി. ഏലിയാസ് ''ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല; ശുശ്രൂഷചെയ്യുവാനും അനേകർക്കുവേണ്ടി ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നതു്'' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. തുടർന്നു അഭി. തിരുമേനി ആരാധനയിലെ വേദപുസ്തകാടിസ്ഥാനം എന്ന വിഷയത്തെ കുറിച്ചും ക്ലാസെടുത്തു.

2–30 നു ചേർന്ന സമാപനസമ്മേളനത്തിൽ സെക്രട്ടറി ശ്രീമതി ചിന്നമ്മ ജേക്കബ് റിപ്പോർട്ടു അവതരിപ്പിച്ചു. ഡീക്കൺ തോമസ്സ് പോൾ, വി. തോമസ്സ്, തങ്കമ്മ ബേബി എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തെ 4 മേഖലകളാക്കിതിരിച്ച് രണ്ടു മാസത്തിലൊരിക്കൽ മേഖലാസമ്മേളനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. പുതിയ മേഖല സെക്രട്ടറിമാരെ തെരഞ്ഞെടുത്തു. ഭദ്രാസനത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നു 150 പ്രതിനിധികൾ പങ്കെടുത്തു. പാലക്കുഴ സെൻറ് ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻററിന്റെ ആഥിതേയത്വത്തിലായിരുന്നു ഈ വാർഷീകസമ്മേളനം.

**WANTED**

A PRINCIPAL: For a first-grade college affiliated to the Mangalore University, managed by the Orthodox Syrian Christian Educational Society of the Brahmavar Mission. (Brahmavar is just 72 kms. from Mangalore.)

We are looking for a dynamic person who can efficiently lead a reputed institution. He must have a good command of English and possess a good personality, must be a second class M. A. in English, sociology or Political Science with ten years, teaching experience in a degree college. Priests preferred. Age below 35 years' relaxable by a few years in the case of priests. Initial salary more than Rs. 2000/- as per Govt. scales of pay. Apply to the President, O. S. C. Educational Society, Brahmavar - 576 213, Karnataka State, immediately.



# പത്രാധിപർക്കുള്ള കത്ത്

പൗലോസ് അപ്പോസ്തോലനെപ്പററി ഫാദർ ററി. ജെ. ജോഷ്വാ എഴുതിയ ലേഖനത്തിൽ (1987 മെയ് ലക്കം) അപ്പോസ്തോലൻ ബ്രഹ്മചാരി ആയിരുന്നു എന്നു പറയുന്നു. ഫിലേമോൻ 1:10–ൽ 'കാരാഗൃഹത്തിൽ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമോസിനെ'പ്പററി അനുസ്മരിക്കുമ്പോൾ പൗലോസ് ബ്രഹ്മചാരി ആയിരുന്നു എന്നു പറയാമോ?

തോമസ് വറുഗീസ്, തിരുവനന്തപുരം, പി. ററി. മർക്കോസ് പുതുപ്പള്ളി

**ഉത്തരം:** പുതിയനിയമത്തിന്റെ ആധുനിക പരിഭാഷവായിച്ചാൽ ആശയം വേഗം മനസ്സിലാകും. ''എന്റെ പുത്രൻ ഒനേസിമോസിനുവേണ്ടി ഞാൻ താങ്കളോട് അപേക്ഷിക്കുന്നു. തടവിൽ കിടക്കുമ്പോഴാണ് ഞാൻ അവന്റെ ആത്മീയ പിതാവായിത്തീർന്നതു്.''

കാരാഗൃഹത്തിൽ വച്ച് ഒനേസിമോസിനെ കണ്ടുമുട്ടുന്നതിനും, സുവിശേഷം അറിയിച്ച് അവനെ മാനസാന്തരപ്പെടുത്തുന്നതിനും പൗലോസിനു കഴിഞ്ഞു. അങ്ങനെ മാനസാന്തരപ്പെട്ട് ആത്മീയാനുഭവത്തിലേക്കുവന്ന അവസ്ഥയെ ആലങ്കാരികമായി 'ഞാൻ ജനിപ്പിച്ചു' എന്നു പറഞ്ഞിരിക്കുകയാണ്. ഇതിനുതുല്യമായ ആശയം വേറെയും കാണാം. 1 കൊരി. 4:15 കാണുക. ''ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചതു്.''

**ഫാദർ ററി. ജെ. ജോഷ്വാ**

## ചാണ്ടപിള്ള പി. സാം

ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ കവിതാ മത്സരത്തിലും ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം നടത്തിയ കവിതാ ചെറുകഥ മത്സരങ്ങളിലും ഒന്നാം സ്ഥാനവും പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനവും ശ്രീ. ചാണ്ടപ്പിള്ള പി. സാം നേടി.



മി. ചാണ്ടപ്പിള്ള തോട്ടപ്പുഴ എം. ജി. എം. യുവജനപ്രസ്ഥാനം പ്രവർത്തകനും മലങ്കരസഭയുടെ ആയുഷ്ക്കാല മെമ്പറും കൂടിയാണ്. അഖില മലങ്കര ബാലസമാജം സംഘടിപ്പിച്ച സചിത്രവിജ്ഞാനപ്രബന്ധമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഹെപ്പ് പി. സാം ഇദ്ദേഹത്തിന്റെ സഹോദരനാണ്.

## ചെമ്പിത്തറ തോമസ് ഏബ്രഹാം മെമ്മോറിയൽ സ്കോളർഷിപ്പ്.

ഇക്കഴിഞ്ഞ S. S. C. പരീക്ഷയിൽ ഉയർന്ന മാർക്കുവാങ്ങി പാസ്സായിട്ടുള്ളതും, സാമ്പത്തികമായി അവശതയനുഭവിക്കുന്നതുമായ ഒരു വിദ്യാർത്ഥിക്ക് 250 രൂപായുടെ ഒരു സ്കോളർഷിപ്പ് ലഭിക്കുന്നതാണ്, പരേതനായ ചെമ്പിത്തറ തോമസ് ഏബ്രഹാമിന്റെ സ്മാരകമായി, അദ്ദേഹത്തിന്റെ മകൻ ആൻറണി ഏബ്രഹാം നൽകുന്നതാണിതു്. അർഹതയുള്ളവർ വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി, ഫാദർ ററി. ജെ. ജോഷ്വാ, ഓർത്തഡോക്സ് സെമിനാരി കോട്ടയം–1 എന്ന വിലാസത്തിൽ അപേക്ഷിക്കുക.

## ചാക്കോപിള്ള നിര്യാതനായി



മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു പ്രമുഖ അംഗവും സഭവക കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ സ്ഥാപകനും അന്നുമുതൽ (1964) കഴിഞ്ഞ രണ്ടു വർഷങ്ങളായി രോഗിയായിത്തീന്നതു വരെ ആശുപത്രി സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച ദേഹവും പ്രശസ്ത ഗവൺമെൻറ് കോൺട്രാക്ടറുമായിരുന്ന ശ്രീ. എം. ചാക്കോപ്പിള്ള കോലഞ്ചേരി 77–ാം വയസ്സിൽ 1987 ജൂൺ 21–ാം തീയതി സ്വവസതിയിൽവച്ച് നിര്യാതനായി.

ശവസംസ്കാരം 22–ാം തീയതി കോലഞ്ചേരി സെ. പീറ്റേഴ്സ് & സെ. പോൾസ് പള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ നടത്തി.

ശ്രീ. ചാക്കോപ്പിള്ളയുടെ നിര്യാണവാർത്ത അറിഞ്ഞ് വിവിധ സഭാദ്ധ്യക്ഷന്മാരും രാഷ്ട്രീയ സാമുദായിക നേതാക്കന്മാരും ആശുപത്രി ജീവനക്കാരും നാനാജാതിമതസ്ഥരും അദ്ദേഹത്തിൻെറ ഭവനത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു. യൂഹാനോൻ മാർ സേവേറിയോസ്, ജോസഫ് മാർ പക്കോമിയോസ്, തോമസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാർ പരേതൻെറ ഭവനത്തിൽ എത്തി പ്രാർത്ഥനകൾ നടത്തി.

22–ാം തീയതി ഉച്ചകഴിഞ്ഞ് പരേതൻെറ ഭവനത്തിൽനിന്ന് ആരംഭിച്ച വിലാപയാത്രയിൽ ആയിരക്കണക്കിന് ആളുകൾ സംബന്ധിച്ചു. വിലാപയാത്ര അദ്ദേഹത്തിൻെറ മുഖ്യ പ്രവർത്തനരംഗമായ കോലഞ്ചേരി മിഷൻ ആശുപത്രിയിൽ എത്തിയപ്പോഴേക്കും വലിയ ഒരു ജനക്കൂട്ടം അവിടെ കൂടിയിരുന്നു. മൃതദേഹം ആശുപത്രി ചാപ്പലിൽ വച്ചശേഷം പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്കാര ശുശ്രൂഷകൾ നടത്തി. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാരും അനേകം വൈദികരും ശുശ്രൂഷയിൽ പങ്കുചേർന്നു. ശുശ്രൂഷാമദ്ധ്യേ പ. ബാവാ തിരുമേനി ചെയ്ത പ്രസംഗത്തിൽ ശ്രീ. ചാക്കോപിള്ള സമുദായത്തിനു ചെയ്തിട്ടുള്ള വിലപ്പെട്ട സേവനങ്ങളെ പ്രകീർത്തിച്ചു.

> ''മലങ്കര ഓർത്തഡോക്സ് സഭയ്ക്കും രാഷ്ട്രത്തിനും, ദേശത്തിനും ശ്രീ. ചാക്കോപിള്ള ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടത്''
>
> **പ. കാതോലിക്കാബാവാ**

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആഗ്രഹപ്രകാരം ഇന്നു കാണുന്ന ദേവലോകം അരമനയുടെ ഒരു നില പൂർത്തിയാക്കി ബാവാ അതിൽ താമസിക്കത്തക്കവണ്ണം ശ്രീ. ചാക്കോപ്പിള്ള അരമന പണിയിൽ കാണിച്ച ജാഗ്രതയെ ബാവാ പ്രശംസിച്ചു. കോലഞ്ചേരി ആശുപത്രിയുടെ സ്ഥാപനത്തിനും ഇന്നു കാണുന്ന രീതിയിലുള്ള അതിൻെറ ത്വരിതമായ വളർച്ചയ്ക്കും ചാക്കോപ്പിള്ള പ്രധാന ഘടകമായിരുന്നു എന്ന് ബാവാ ചൂണ്ടിക്കാട്ടി. മലങ്കര ഓർത്തഡോക്സ് സഭയ്ക്കും ദേശത്തിനും രാഷ്ട്രത്തിനും ചാക്കോപ്പിള്ള ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണെന്ന് ബാവാ കല്പിച്ചു. ബാവാ സഭയുടെ അനുശോചനം പരേതൻെറ കുടുംബാംഗങ്ങളെ അറിയിക്കുകയും അവർ സേവനരംഗത്ത് ചാക്കോപ്പിള്ളയുടെ കാലടികളെ പിൻതുടരണമെന്ന് ആഹ്വാനം ചെയ്യുകയും പരേതൻെറ ആത്മാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്നു ശവസംസ്കാര ശുശ്രൂഷ പൂർത്തിയാക്കിയശേഷം മൃതദേഹം കോലഞ്ചേരി പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

ദീർഘകാലം മലങ്കരസഭാ മാനേജിംഗ് കമ്മററി മെമ്പർ, ഫിനാൻസ് കമ്മററി മെമ്പർ, പ്ലാനിംഗ് കമ്മററി മെമ്പർ മുതലായി വിവിധ നിലകളിൽ മി. ചാക്കോപിള്ള സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോലഞ്ചേരി പള്ളി പുതുക്കി പണിയിക്കുന്നതിലും കോലഞ്ചേരി സെ. പീറ്റേഴ്സ് കോളേജിൻെറ സ്ഥാപനത്തിലും കോലഞ്ചേരി ദേശത്തിൻെറ ബഹുമുഖമായ ഉയർച്ചയ്ക്കും ചാക്കോപിള്ള അനുഷ്ഠിച്ചിട്ടുള്ള സേവനം ചിരസ്മരണീയമാണ്.

കേരളത്തിലെ വെല്ലൂർ എന്ന് വിശേഷിപ്പിക്കാവുന്ന കോലഞ്ചേരി മിഷൻ ആശുപത്രിയുടെ സ്ഥിരം സെക്രട്ടറിയായിരുന്ന് മററെല്ലാവരേയും സഹകരിപ്പിച്ച് അത്യുത്സാഹപൂർവ്വം മി. ചാക്കോപ്പിള്ള പ്രവർത്തിച്ചതിൻെറ ഫലമാണ് അവിടെ ഇന്നു കാണുന്ന ബൃഹത്തായ സ്ഥാപനം. ഒരു ഒന്നാംകിട ആശുപത്രിയുടെ എല്ലാ പ്രവർത്തനങ്ങളും ഇന്ന് അവിടെ നടക്കുന്നുണ്ട്. ഒരു കോടി രൂപയോളം മുടക്കി സ്കാനിംഗ് ഉപകരണം ആശുപത്രിയിൽ സ്ഥാപിക്കുന്നതിനും മുൻകയ്യെടുത്തതു് മി. ചാക്കോപിള്ള തന്നെയാണ്. കോലഞ്ചേരിയും ചാക്കോപിള്ളയും പരസ്പര പൂരകങ്ങളാണ്. ചാക്കോപിള്ള എന്നു കേൾക്കുമ്പോൾ കോലഞ്ചേരിയും കോലഞ്ചേരി എന്നു കേൾക്കുമ്പോൾ ചാക്കോപിള്ളയുമാണ് ഇന്ന് ഏതൊരുവൻെറയും ഓർമ്മയിൽ ആദ്യമായി വരുന്നതു്.

സുപ്രസിദ്ധ കോൺട്രാക്ടറായ ശ്രീ. പി. എം. പൈലിപ്പിള്ള ചാക്കോപിള്ളയുടെ ഏക സഹോദരനും മെഡിക്കൽ മിഷൻ ആശുപത്രി ട്രഷറർ മി. ജോയി ഏക പുത്രനുമാണ്.

25–ാമത്തെ വയസ്സിൽ കൺസ്ട്രക്ഷൻ രംഗത്തു പ്രവേശിച്ച മി. ചാക്കോപിള്ള നാല്പതു വർഷം ഗവൺമെൻറ് കോൺട്രാക്ടറായി പ്രവർത്തിച്ച് അധികാരികളുടെ പ്രശംസയ്ക്ക് പാത്രീഭൂതനായിട്ടുണ്ട്.

അദ്ദേഹത്തിൻെറ സഭാസേവനത്തെ വിലയിരുത്തി പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മി. ചാക്കോപിള്ളയ്ക്ക് കാതോലിക്കേററ് മുദ്ര പതിപ്പിച്ച ഒരു സ്വർണ്ണമോതിരം സമ്മാനിക്കുകയുണ്ടായി.

ഇങ്ങിനെ വിവിധ നിലകളിൽ സഭയ്ക്കും രാഷ്ട്രത്തിനും ദേശത്തിനും മഹത്തായ സേവനം പ്രദാനം ചെയ്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. ചാക്കോപിള്ളയുടെ നിര്യാണത്തിൽ 'മലങ്കരസഭ'യുടെ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിൻെറ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.




## 86 രൂപയുടെ 12 പുസ്തകങ്ങൾ 70 രൂപയ്ക്ക്

| | |
|---|---|
| ഇരുപതാം നൂററാണ്ടിലെ മലങ്കരസഭ | 20 |
| തടാകത്തിലെ തപോധനൻ (ബിഷപ്പ് വാൽഷിൻെറ ജീവചരിത്രം) | 10 |
| താബോറിലെ താപസവര്യൻ (പാമ്പാടി തിരുമേനി) | 5 |
| എൻ. എം. ഏബ്രഹാം (ജീവചരിത്രം) | 10 |
| മനോഹരനായ മനുഷ്യസ്നേഹി (മനോഹര വറുഗീസിൻെറ ജീവചരിത്രം) | 10 |
| പത്രോസ് മാർ ഒസ്താത്തിയോസ് (ജീവചരിത്രം) | 5 |
| മലങ്കരസഭയുടെ അംബാസഡർ (പീലിപ്പോസ് മാർ തെയോഫിലോസ്) | 10 |
| അമ്മമാരുടെ അമ്മ (സിസ്ററർ കെ. ഐ. ആണ്ടമ്മ യുടെ ജീവചരിത്രം) | 5 |
| മദ്യത്തിൻെറ ശമ്പളം | 8 |
| 1958-ലെ സമുദായക്കേസ് സുപ്രീം കോടതിവിധി | 3 |

(ഔഗേൻ കാതോലിക്കാബാവ, രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ എന്നീ പുസ്തകങ്ങൾ അച്ചടിയിൽ)

ആവശ്യപ്പെടുക :

കെ. വി. മാമ്മൻ (മനോരമ),
മാങ്ങാനം, കോട്ടയം-18.

11 പുസ്തകങ്ങളും ഒന്നിച്ച് ഓർഡർ ചെയ്യുന്നവർക്ക് ഇന്ത്യയിൽ പോസ്റ്റേജ് സൗജന്യം.


---

## കുരിശിൻതൊട്ടി ശിലാസ്ഥാപനം

മെഴുവേലി വലിയപള്ളിയുടെ വകയായി പള്ളികിഴക്കേതിൽ ശ്രീ. ഏബ്രഹാം അവർകൾ സംഭാവന ചെയ്ത സ്ഥലത്ത് പ. പരുമല തിരുമേനിയുടെ നാമത്തിൽ തട്ടാശ്ശേരിൽ ശ്രീ. വർഗീസ് പണിയിക്കുന്ന കുരിശിൻതൊട്ടിയുടെ ശിലാസ്ഥാപനം മെയ് 9–ാം തീയതി പീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി നിർവ്വഹിച്ചു.

## തയ്യൽമെഷീൻ സംഭാവനചെയ്തു

മെഴുവേലി വലിയ പള്ളിയിലെ ഒരു സാധു പെൺകുട്ടിക്ക് ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു തയ്യൽമെഷീൻ സംഭാവന ചെയ്തു.

## മിഷൻ-വികസന ഞായർ പിരിവ് വിജയിപ്പിക്കുക

### ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

മലങ്കരസഭയുടെ വികസന പ്രവർത്തനങ്ങളും ജീവകാരുണ്യരംഗവും ചലനാത്മകമായിക്കൊണ്ടിരിക്കുകയാണ്. ജൂൺ 14—ാം തീയതി ആന്ധ്രായിൽ യാച്ചാരം ഗ്രാമത്തിൽ 19 കുട്ടികളെ ചേർത്ത് ആരംഭിച്ചിരിക്കുന്ന സെൻറ് ഗ്രീഗോറിയോസ് ബാലഗ്രാം, കുഷ്ഠരോഗികളുടെ കുട്ടികൾക്കായി ഇന്ത്യയിൽ തുടങ്ങിയിരിക്കുന്ന ആദ്യത്തെ ബാലഗ്രാമാണെന്നറിയുന്നു. 4 ലക്ഷം കുഷ്ഠരോഗികളാണ് ആന്ധ്രയിൽ തന്നെയുള്ളത്. എ. ഡി. 2000 ആകുമ്പോഴും ഭാരതവും കുഷ്ഠരോഗവിമുക്തമായാൽ നന്ന്.

മാവേലിക്കര മിഷൻ പരിശീലന കേന്ദ്രത്തിൽ പഠനം പൂർത്തിയായവർക്ക് ഉചിതമായ വേതനം ലഭിക്കത്തക്കവണ്ണം മിഷൻ സൊസൈററി തീരുമാനം എടുത്തിട്ടുണ്ട്. സഭയിലെ അവികസിത പള്ളികളെയും മററും സഹായിക്കാൻ ഈ പിരിവിൻെറ പകുതി തുക കേന്ദ്രത്തിൽ ഏല്പിച്ചുകൊണ്ടാണിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ 2 ലക്ഷം രൂപാ ലഭിച്ചു. ഈ വർഷം 3 ലക്ഷം എങ്കിലും ആയെങ്കിൽ മാത്രമെ വിവിധ ഭദ്രാസനങ്ങളിൽ മിഷൻ കേന്ദ്രങ്ങൾ തുടങ്ങുവാനും മററു പരിപാടികളെ സഹായിപ്പാനും സാധിക്കൂ. പ. ബാവാ തിരുമേനിയുടെ എല്ലാ പള്ളികൾക്കും അയച്ച കല്പനയിൽ ആവശ്യപ്പെട്ടിരിക്കുംപോലെ ജൂലൈ 5—ാം തീയതി മിഷൻ—വികസന ഞായറാഴ്ചയായി വേർതിരിച്ചു ആചരിച്ചിരിക്കുമല്ലോ. അന്നേദിവസം നടത്തിയ കവർപിരിവിൽ നിന്നും ലഭിക്കുന്ന തുകയും അന്നേദിവസം ലഭിക്കുന്ന കാണിക്കയും പള്ളിയിൽനിന്ന് ഒരു സംഭാവനയും ചേർത്ത് മിഷൻ ബോർഡ് പ്രസിഡൻറ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക് സെൻറ് പോൾസ് മിഷൻ സെൻറർ, മാവേലിക്കര—3, കേരള എന്ന വിലാസത്തിൽ 1987 ആഗസ്റ്റ് മാസം 15—ാം തീയതിക്കു മുമ്പായി അയച്ചുകൊടുക്കണം.

### ഡീക്കൻ കെ. ജി. അലക്സാണ്ടർ

കോട്ടയം എം. ജി. ഓ. സി. എസ്. എം. സ്റ്റുഡൻസ് സെൻററിലെ എം. ഡി. ഹോസ്ററൽ വാർഡനായി ഡീക്കൻ കെ. ജി. അലക്സാണ്ടർ (തഴവ) നിയമിതനായി. ശെമ്മാശ്ശൻ ജൂൺ 1 മുതൽ തൽസ്ഥാനത്തു പ്രവർത്തിച്ചുവരുന്നു.

### ജോർജ് വർഗീസ്



ടെയ്സി കമ്മ്യൂണിററിയുടെ ആഭിമുഖ്യത്തിൽ ഫ്രാൻസിൽവച്ചു നടക്കുന്ന കോൺഫറൻസിൽ സംബന്ധിക്കുന്ന മി. ജോർജ് വർഗീസ്. മി. വർഗീസ് പരുമല അരികുപുറത്തു കുടുംബാംഗവും വിദ്യാർത്ഥിപ്രസ്ഥാനത്തിലെ ഒരു സജീവ പ്രവർത്തകനും ആണ്. കോട്ടയം സ്റ്റുഡൻറ്സ് സെൻറർ വാർഡനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

### യാത്രയയപ്പ്

അമേരിക്കൻ പര്യടനത്തിനായി പോയ മെഴുവേലി വലിയപള്ളി വികാരി ഫാ. സി. ജെ. ജോർജിനു മേയ് 17—ാം തീയതി വി. കർബാനാനന്തരം പള്ളിയിൽവച്ചു കൂടിയ സമ്മേളനം ഏദ്യമായ യാത്രയയപ്പു നൽകി. പ്രസ്തുത സമ്മേളനത്തിൽ ഡീ. കെ. എം. മത്തായി അദ്ധ്യക്ഷത വഹിക്കുകയും സർവ്വശ്രീ പി. എം. ചാക്കോ, പി. എസ്. തോമസ്, ക്യാപ്ററൻ മാത്യു തുടങ്ങിയവർ പ്രസംഗിക്കുകയും ചെയ്തു.

**MATRIMONIAL**

Marriage Alliance invited from well to do Orthodox Christian families, for a girl aged 22, B. A. B. Ed., staying with parents at Orissa and working in a High School. Boy if unemployed, but with M. A. or M. Sc. Degree, can be provided with job. Correspondance confidential. Contact P. O. Box 125, C/o "Malankara Sabha", Devalokam, Kottayam-38.

### ഷഷ്ഠ്യബ്ദപൂർത്തി



പല്ലാട്ട് സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരി കിടങ്ങന്നൂർ കടവത്രയിൽ കെ. ജി. ജോർജ് കത്തനാരുടെ ഷഷ്ഠ്യബ്ദപൂർത്തി ജൂൺ 21—ാം തീയതി മെഴുവേലി പള്ളി ഓഡിറേറാറിയത്തിൽവച്ച് ആഘോഷിച്ചു. ഇതു സംബന്ധിച്ചു ചേർന്ന സമ്മേളനത്തിൽ പീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ചു. വെ. റവ. ററി. സി. ജോൺ കോറെപ്പിസ്കോപ്പാ, വെ. റവ. സി. സി. വറുഗീസ് കോറെപ്പിസ്കോപ്പാ, ഫാ. ററി. ജി. സഖറിയ, ഫാ. കെ. വി. വറുഗിസ്, ഫാ. ജോൺ, ഫാ. കെ. എസ്. ശമുവേൽ, പി. എൻ. ചന്ദ്രസേനൻ Ex. M. L. A, ററി. ജോൺ മാത്യു, പി. എസ്. തോമസ്, പി. എം. ചാക്കോ, സി. ജി. ശമുവേൽ, കെ. സി. മത്തായി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഫാ. ജോർജ് സമുചിതമായി മറുപടി പറഞ്ഞു. വിവിധ ഇടവകകളുടെയും പ്രാർത്ഥനായോഗങ്ങളുടെയും വ്യക്തികളുടെയും വകയായി ഫാ. ജോർജിനു പാരിതോഷികങ്ങൾ നൽകപ്പെട്ടു. പി. പി. മാത്യു സ്വാഗതവും പി. സി. മാത്യു കൃതജ്ഞതയും പറഞ്ഞു. ഫാ. ജോർജിൻെറ വകയായി പത്താം ക്ലാസ്സ് പാസ്സായ ഒരു കുട്ടിയ്ക്കു വിദ്യാഭ്യാസത്തിനുള്ള കാഷ് അവാർഡ് നൽകപ്പെട്ടു.

### തിരിച്ചെത്തി

വിദേശ പര്യടനത്തിലായിരുന്ന വെ. റവ. കെ. സി. ഉമ്മൻ കോറെപ്പിസ്ക്കോപ്പാ ജർമ്മനി, ആസ്ട്രിയ, ഇംഗ്ലണ്ട്, അമേരിക്ക, കാനഡാ മുതലായ രാജ്യങ്ങൾ സന്ദർശിച്ചശേഷം ജൂൺ 16—ാം തീയതി തിരിച്ചെത്തി.



### കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി

പുത്തൂർ: കിണററുംകര കിഴക്കതിൽ ഫാ. കെ. ഐ. ഐസക്കിൻെറ പിതാവ് ഇടിക്കുള കോശിയുടെ നാല്പതാം ചരമദിനത്തിൽ ജൂൺ 12—ാം തീയതി നടത്തപ്പെട്ട വി. മൂന്നുമ്മേൽ കർബ്ബാനമദ്ധ്യേ മാറനാട്ട് സെ. പീറേറഴ്സ് പള്ളിവികാരി കിണററുങ്കര കിഴക്കേതിൽ ഫാ. കെ. ഐസക്കിനും പുത്തൂർ സെ. ജോർജ് പള്ളി വികാരി ഇലവിളയിൽ ഫാ. കെ. ഗീവർഗീസിനും പ. കാതോലിക്കാബാവാ പുത്തൂർ പള്ളിയിൽവച്ച് മാത്യൂസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ കോറെപ്പിസ്കോപ്പാസ്ഥാനം നൽകി.

തുടർന്ന് പ. ബാവായുടെ ആദ്ധ്യക്ഷതയിൽ ചേർന്ന അനുമോദനയോഗത്തിൽ അഭിനവ കോറെപ്പിസ്കോപ്പാമാരെ അനുമോദിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനിമാരും ഭദ്രാസന സെക്രട്ടറി ഫാ. മത്തായി വിലനിലം റിട്ടയേർഡ് ജഡ്ജി കെ. കോരുത് എന്നിവരും ആശംസകൾ നേർന്ന് പ്രസംഗിച്ചു. കോറെപ്പിസ്കോപ്പാമാർ കൃതജ്ഞത പ്രകാശിപ്പിച്ച് മറുപടി പറഞ്ഞു.

### ചരമവാർഷികം

മലങ്കര സഭാമാസികയുടെ ചീഫ് എഡിററായി ദീർഘനാൾ സേവനം അനുഷ്ഠിച്ച അഭിവന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചൻെറ ഓർമ്മദിനം ജൂലൈ 20—ാം തീയതി പാത്താമുട്ടം സ്ലീബാ പള്ളിയിലും മാസികയുടെ എഡിറററായിരുന്ന നെടുമാവ് ഫാ. ററി. വി. ജോർജിൻെറ ഓർമ്മദിനം ജൂലൈ 30—ാം തീയതി നെടുമാവ് സെൻറ് പോൾസ് പള്ളിയിലും ഭക്തിപുരസ്സരം ആചരിക്കുന്നതാണ്.

### യുവജന കോൺഫ്രൻസ്

മുളന്തുരുത്തി:— പൗരസ്ത്യഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കൊച്ചിഭദ്രാസനം മുളന്തുരുത്തി ഡിസ്ട്രിക്ററ് കോൺഫ്രൻസ് സെൻറ് തോമസ് യൂണിററിൻെറ ആഭിമുഖ്യത്തിൽ മുളന്തുരുത്തി കാതോലിക്കേററ് സെൻററിൽ വച്ച് ജൂൺ 7—ാം തീയതി ഞായറാഴ്ച നടത്തി.

ഫാ. കെ. ജെ. കുരിയാക്കോസ് കോൺഫ്രൻസ് ഉൽഘാടനം ചെയ്തു. ഫാ. ററി. പി. ഏലിയാസ് ''യഥാർത്ഥ ക്രിസ്ത്യാനി ഓർത്തഡോക്സ് സഭയുടെ വീക്ഷണത്തിൽ'' എന്ന വിഷയത്തെക്കുറിച്ച് ക്ളാസ്സെടുത്തു. ഡീക്കൺ ഗീവറുഗീസ് മാത്യൂസ് ഭദ്രാസന യുവജനസമാജം ജോ. സെക്രട്ടറി മോഹൻ മാത്യു, എന്നിവർ പ്രസംഗിച്ചു. ഭദ്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി ഡീക്കൻ തോമസ് മ്യാലിൽ സ്വാഗതവും ഡിസ്ട്രിക്ററ് ഓർഗനൈസർ ററി. ററി. ജേക്കബ് നന്ദിയും പറഞ്ഞു. ഡിസ്ട്രിക്ററിലെ വിവിധ യൂണിററുകളിൽ നിന്നും പ്രതിനിധികൾ സംബന്ധിച്ചു

—o—

# ബൈബിൾ പഠനം

## ഡീ. എം. സി. ചെറിയാൻ

**പാഠം 56**
**2 തിമൊഥെയൊസ്**

വിജയിയുടെ പേരും വിലാസവും
പേര്. പൗലൂസ് വി. എം.
വിലാസം. വട്ടമററത്തിൽ
അഞ്ചുകുന്ന് P. O., മാനന്തോടി 670 645
ഭദ്രാസനം: സുൽത്താൻബത്തേരി
രജി. നമ്പർ. 6444

**പാഠം 59**
**എബ്രായർ**
പ്രവേശനഫാറം

പേര് ............................................
വിലാസം ............................................
ഭദ്രാസനം ............................................
രജി: നമ്പർ ....................

### പാഠം 56 ഉത്തരം

1. 11 [1:1,9,10,13; 2:1,3,10; 3:12,14; 4:1]
2. 3 [1: 9; 2: 3; 4: 5]
3. 2 [1: 12, 14]
4. 2 [1: 16; 4: 19]
5. 3 [1: 7] ശക്തിയുടെ, സ്നേഹത്തിൻെറ, സുബോധത്തിൻെറ.
6. 2 [2: 5; 4: 8] പൊരാട്ടിൻ കിരീടം, നീതിയുടെ കിരീടം.
7. 21 [3: 2, 3, 4, 5] സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, വമ്പു പറയുന്നവർ, അഹങ്കാരികൾ, ദൂഷകന്മാർ, അമ്മയപ്പന്മാരെ അനുസരിക്കാത്തവർ, നന്ദികെട്ടവർ, അശുദ്ധർ, വാത്സല്യമില്ലാത്തവർ, ഇണങ്ങാത്തവർ, ഏഷണിക്കാർ, അജിതേന്ദ്രിയന്മാർ, ഉഗ്രന്മാർ, സൽഗുണദ്വേഷികൾ, ദ്രോഹികൾ, ധാർഷ്ട്യക്കാർ, നിഗളികൾ, ദൈവപ്രിയമില്ലാത്തവർ, ഭോഗപ്രിയർ, ഭക്തിയുടെ വേഷം ധരിക്കുന്നവർ, ഭക്തിയുടെ ശക്തി ത്യജിക്കുന്നവർ.
8. 83
9. 17 [ദേമാസ്, ക്രേസ്കേസ്, തീതോസ്, ലൂക്കോസ്, മർക്കോസ്, തിഹിക്കൊസ്, കർപ്പൊസ്, അലെക്സന്തർ, പ്രിസ്കെ, അക്വിലാവ്, ഒനേസിഫോറസ്, എറസ്റ്റോസ്, ത്രോഫിമൊസ്, യൂബൂലൊസ്, പൂദെസ്, ലീനൊസ്, ക്ലൌദിയ]
10. 5 [4: 2] വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്കുക, സകല ദീർഘക്ഷമയോടും ഉപദേശത്തോടും ശാസിക്കുക, തർജ്ജമചെയ്ത പ്രബോധിപ്പിക്കുക.
11. 57

### ശരിയായ ഉത്തരം അയച്ചുതന്നവർ

1. കോശി മത്തായി, നന്ദിനി.
2. ഗ്രേസ് പി. മാത്യു, കല്ലിശ്ശേരി.
3. കെ. വി. തോമസ്, കരഗ്പൂർ.
4. പി. സി. ചെറിയാൻ, ദുർഗ്ഗ്.
5. സാറാമ്മ തോമസ്, മലാട്.
6. പുഷ്പാ ജോർജ്, കോയിപ്രം.
7. പൗലോസ് വി. എം, മാനന്തവാടി.
8. മറിയാമ്മ തോമസ്, ഭോപ്പാൽ.
9. ജയ്കര്യൻ, മൂലവട്ടം.
10. വി. സി. ദാനിയേൽ, കൽക്കട്ട.
11. മറിയാമ്മ കോശി, തഴമേൽ.
12. ജോർഡി വി. ജി, പെരുമ്പടന്ന.
13. ലാഫ്സർ കെ. സി, ചൊവ്വന്നൂർ.
14. രാജശേഖരൻ, വീയപുരം.
15. ബേബി ഏ. യു, പഴഞ്ഞി.
16. റിനി അലക്സ്, കവിയൂർ.
17. തോമസ് വറുഗീസ്, കൊടുമൺ.
18. ജോർജ് ടി. കോശി, കൈപ്പട്ടൂർ.
19. തങ്കമ്മ സഖറിയ, ആറാട്ടുപുഴ.
20. എലിസബത്ത് സൈമൺ, തലശ്ശേരി.
21. കോശി പി. വൈദ്യൻ, തിരുവനന്തപുരം.



22. അന്നമ്മ വി. സി. അരിപ്പറമ്പ്.
23. മാത്യു തോമസ്, ഭോപ്പാൽ.
24. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി.
25. സാറാമ്മ മാത്യു, മാക്കാംകുന്ന്.
26. ഡെയ്സി കെ. ഡേവീസ്, കോയമ്പത്തൂർ.
27. റേച്ചൽ ചാക്കോ, ആനിക്കാട്.

### പാഠം 59 എബ്രായർ

1. ഒന്നാം അദ്ധ്യായത്തിൽ സങ്കീർത്തനത്തിൽ നിന്നുള്ള എത്ര ഉദ്ധരണികൾ ഉണ്ട്?
2. രണ്ടാം അദ്ധ്യായത്തിൽ പ്രധാനമായി പറയുന്നത് എത്രാം സങ്കീർത്തനം?
3. മൊശെ എന്ന വാക്ക് എത്ര പ്രാവശ്യം?
4. യെരീഹോ മതിൽ എത്രദിവസം ചുററിനടന്നപ്പോൾ വീണു?
5. ദൈവം നിവൃത്തനായത്. എത്രാം ദിവസം?
6. മല്ക്കിസദേക്ക് എത്ര പ്രാവശ്യം?
7. നമുക്കുള്ള മഹാപുരോഹിതൻെറ എത്ര ലക്ഷണങ്ങൾ പറഞ്ഞിരിക്കുന്നു?
8. പതിനൊന്നാം അദ്ധ്യായത്തിൽ പേരു പറയപ്പെട്ടവർ ഏത്ര?
9. മരുഭൂമിയിൽ എത്ര ആണ്ടു പരീക്ഷിച്ചു?
10. ആകെ വാക്യം എത്ര?
11. ചോദ്യം 10 നോട് ചോദ്യം 8 കൂട്ടുക. അതിൽ നിന്ന് ചോദ്യം 9 കുറയ്ക്കുക. അതിനെ ചോദ്യം 7 കൊണ്ട് ഹരിക്കുക. അതിൽനിന്നും ചോദ്യം 5 കുറയ്ക്കുക. വീണ്ടും ചോദ്യം 6 കൊണ്ട് ഹരിക്കുക. അതിനെ ചോദ്യം 3 കൊണ്ട് ഗുണിക്കുക. അതിനോട് ചോദ്യം 2 കൂട്ടുക. അതിൽനിന്ന് ചോദ്യം 1 കുറയ്ക്കുക. വീണ്ടും ചോദ്യം 3 കൂട്ടുക. ഉത്തരം എത്ര?

പാഠം 56 ൻെറ ഉത്തരവും വിജയിയുടെ പേരും ഉത്തരം അയച്ചുതന്നവരുടെ പേരുകളും ചേർക്കുന്നു. ആദ്യത്തെ 10 ഉത്തരം ശരിയായി അയച്ചുതരുന്നവരേയും വിജയികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു. ആദ്യത്തെ 10 ഉത്തരം ശരിയോ എന്ന് പരിശോധിക്കുവാൻ ഒരു മാർഗ്ഗം 11—ാം ചോദ്യത്തിൻെറ ഉത്തരം പാഠത്തിൻെറ നമ്പറുമായി ബന്ധപ്പെട്ടതായിരിക്കാൻ ശ്രമിക്കാം. ഒന്നും രണ്ടും ഉത്തരങ്ങൾ തെററിക്കുവരാനധികവും. സംശയത്തിനിട നൽകുന്ന ചോദ്യം കഴിവതും ഒഴിവാക്കാം. ആ ചോദ്യത്തിലെ ഉത്തരം തെററിയാലും അവരേയും പരിഗണിക്കാം. ചോദ്യദൗർലഭ്യമാണതിനു കാരണം.

B ഭാഗത്തേക്കു് പലരും ചോദ്യം അയച്ചുതരുന്നുണ്ട്. എന്നാൽ പ്രസിദ്ധീകരണയോഗ്യമായതു് വിരളമാണ്. ആ ചോദ്യം വളരെ പ്രയാസപ്പെട്ട് ചോദ്യരൂപത്തിൽ ആക്കുക അതിലും വിഷമം നിറഞ്ഞതാണ്. ചോദ്യം അയയ്ക്കുമ്പോൾ ഏതെങ്കിലും വാക്കു മാത്രമായി അയക്കാതെ അതിൽനിന്നും മനസ്സിലാക്കാവുന്ന ആശയങ്ങളോ വാക്കുകളോ മററോ കൂടി ചേർത്ത് വിപുലീകരിച്ചാൽ ഉത്തരം അയയ്ക്കുന്നവർക്ക് എളുപ്പമാകുമല്ലോ.

സാർവ്വത്രിക ലേഖനങ്ങളും വെളിപാടു പുസ്തകവുമാണല്ലോ പഠനപദ്ധതിയിൽ അവശേഷിക്കുന്നത്. ചോദ്യം കുറവായാൽ ഒന്നോ അതിലധികമോ പാഠം ഒരുമിച്ചുചേർത്ത് ചോദ്യം ഉണ്ടാകും. പാഠപംക്തിയുടെ അവസാനംവരെ സഹകരണം പ്രതീക്ഷിക്കുന്നു. പാഠം 59—ൻെറ ഉത്തരം അടുത്തമാസം 20—ാം തീയതിയ്ക്കു മുമ്പായി പാഠം 59, ബൈബിൾ പഠനം, C/o. Dn. M. C. Cherian, Orthodox Student's Centre, Trivandrum-695 001 എന്ന വിലാസത്തിൽ അയയ്ക്കുക.

മാസിക സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഉപകാരസ്മരണയ്ക്കുള്ള തുകയും മററും മാനേജർ, മലങ്കര സഭ, കോട്ടയം—38 എന്ന വിലാസത്തിലാണ് അയക്കേണ്ടതു്. മാസികയുടെ വരിസംഖ്യ പുതുക്കേണ്ടവരും വിലാസം മാറുന്നവരും പുതുതായി മാസിക വരുത്തുവാൻ ആഗ്രഹിക്കുന്നവരും ഈ വിലാസത്തിൽ എഴുതുക. ബൈബിൾ പഠനമോ, പഠനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങളോ മാത്രം തിരുവനന്തപുരത്തെ വിലാസത്തിൽ അയയ്ക്കുക.

---

### അവാർഡ് ലഭിച്ചു

കുന്നംകുളം ഭദ്രാസനത്തിൽപെട്ട ചേലക്കര സെ. ജോർജ് ഇടവകയിൽ വാലിക്കോടത്തു താരുവിൻെറ മകൾ, ആലപ്പുഴ മെഡിക്കൽ കോളജിൽ നേഴ്സായി ജോലി ചെയ്യുന്ന ശ്രീമതി വി. ററി. മേരിക്കു് സംസ്ഥാന അവാർഡ് ലഭിച്ചു. മേരിയെ അനുമോദിക്കുന്നതിനു് ചേലക്കര പള്ളിയിൽ ചേർന്ന യോഗത്തിൽ വികാരി വെ. റവ. ചെമ്മണ്ണൂർ ഗീവർഗീസ് കോറെപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ചു.

### തിരുത്ത്

പുത്തൂർ സെ. പീറേറർഡ് പള്ളിവികാരി ഫാ. കെ. ഐസക്കിൻെറ ഷഷ്ടിപൂർത്തി പുത്തൂർ പള്ളിയിൽവച്ച് ആഘോഷിച്ചു എന്ന് കഴിഞ്ഞ ലക്കം മാസികയിൽ ചേർത്തിരുന്നതു് തെററാണ്. ഫാ. ഐസക്ക് മാറനാട്ടു സെ. പീറേറർസ് പള്ളിവികാരിയാണ്. അച്ചൻെറ ഷഷ്ടിപൂർത്തി മാറനാട്ടു പള്ളിയിൽവച്ചാണ് ആഘോഷിച്ചതു്. (പ.)

പുസ്തകാഭിപ്രായം:

# സഭയും പ്രേഷിതപ്രവൃത്തിയും

എഡിററർമാർ: എം. കര്യൻ. റവ. പി. ററി. തോമസ്.
വിതരണം: സി. എൽ. എസ്. തിരുവല്ല. വില 15 രൂപാ.

വൻപിച്ച പരിവർത്തനങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ സഭയുടെ ദൗത്യനിർവഹണത്തിലും കാലാനുസൃതമായ മാററങ്ങൾ വേണമെന്നു പറയുമ്പോൾ അത് അതിരുകടന്ന ഒരാവശ്യമാണെന്നു ആരും കരുതുകയില്ല. ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും വായുവേഗത്തിൽ പ്രയാണം ചെയ്യുമ്പോൾ സഭയുടെ ചുമതലകളിൽ ഉണ്ടാകുന്ന മാററം ഒച്ചുപോലെ നിരങ്ങുന്നതാവരുത്.

ക്രിസ്തുവിന്റെ സന്ദേശവും സഭയുടെ ദൗത്യവും സനാതനമാണ്. അതിൽ എന്തെങ്കിലും മാററം സ്വീകാര്യമല്ല. പക്ഷേ ആ സന്ദേശവും ദൗത്യവും പ്രചരിപ്പിക്കുന്നതിനും പ്രായോഗിക ജീവിതത്തിൽ സന്നിവേശിപ്പിക്കുന്നതിനും ആദ്ധ്യാത്മിക മാർഗങ്ങൾ സ്വീകരിച്ചെങ്കിൽ മാത്രമേ ലക്ഷ്യം നേടാനാവുള്ളു. സുവിശേഷത്തിനും മിഷനറി പ്രവർത്തനങ്ങൾക്കും വിലക്കു കല്പിച്ചിട്ടുള്ള കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ പോലും അച്ചടിച്ച താളുകളിലൂടെയുള്ള ശക്തമായ പ്രേഷിതപ്രവർത്തനം അന്യൂനം നടക്കുന്നുണ്ട്. അതിനും പുറമേ റേഡിയോ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളിലൂടെ നിരീശ്വരവാദികളും നിത്യജീവന്റെ സ്വരം ഇന്നു കേൾക്കുന്നു. ലോകത്തിന്റെ ദീപമായ—മലമേൽ ശോഭിക്കുന്ന മന്ദിരമായ—ക്രിസ്തുസന്ദേശത്തെ ആർക്കും പറയിൻ കീഴിൽ അടച്ചുവക്കാനാവില്ല.

മാറിയ പരിതസ്ഥിതിയിൽ സ്വാർത്ഥകമായ പ്രേഷിതപ്രവർത്തനം എങ്ങിനെ ഫലപ്രദമാക്കാം എന്നു പ്രസ്തുത വിഷയത്തിൽ അവഗാഹമുള്ള ഏതാനും സമുന്നത വ്യക്തികളുടെ ചിന്താബന്ധുരവും അനുഭവസമ്പന്നവുമായ വിലയിരുത്തലുകളും മാർഗനിർദേശങ്ങളും ഉൾക്കൊള്ളുന്ന പ്രകാശമാനമായ ഒരു പ്രസിദ്ധീകരണമാണ് 'സഭയും പ്രേഷിത പ്രവൃത്തിയും'.

സാമൂഹ്യ സാമ്പത്തിക പ്രശ്നസമുച്ചയസാഗരത്തിൽ വിളക്കുമരം കാണാതെ അങ്ങോട്ടും ഇങ്ങോട്ടും ആടിയുലയുന്ന മാനവസമുദായത്തിനു യഥാർത്ഥമായ ദീപം കാണാനുള്ള സൗകര്യം ആദ്ധ്യാത്മിക സഭാവിഭാഗങ്ങൾ സൃഷ്ടിച്ചുകൊടുത്തേ തീരൂ. ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ സമ്പന്നവിഭാഗവും സുഖജീവിതം നയിക്കുന്നവരും ഭാഗഭാക്കാകുകയും വിശക്കുന്ന ആടുകൾക്കു അങ്ങനെ പച്ചമേച്ചിലിൽ നടത്തുന്ന ക്രിസ്തുവിനെ കാണിച്ചുകൊടുക്കുകയും ചെയ്തേ തീരൂ. ആ കർത്തവ്യത്തിലേക്കു വിരൽ ചൂണ്ടുന്ന ഇതിലെ പ്രബന്ധങ്ങൾ എല്ലാംതന്നെ ആലോചനാമൃതങ്ങൾ തന്നെ.

സഭയുടെ ജീവിതം, ആരാധനാസാക്ഷ്യം എന്നിവയെപ്പററിയുള്ള കെ. സി. സി. പ്രസിഡന്റ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രബന്ധമാണ് പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിൽ ഒന്നാമതായി ചേർത്തിരിക്കുന്നത്. നിലവിലുള്ള തെററായ ചില വ്യവസ്ഥിതികളെ എതിർക്കുന്ന മെത്രാപ്പോലീത്താ അർത്ഥവത്തായ ആരാധനയുടെ വക്താവു കൂടിയായി മാറിയിട്ടുണ്ട്.

ഇടവകകളുടെ നവീകരണം, ഉദയംപേരൂർ സുന്നഹദോസിനു മുമ്പ് കേരളത്തിൽ നിലവിലിരുന്ന ഏകസഭ, കമ്മ്യൂണിററി ജീവിതം, പതിനാറാം നൂററാണ്ടിനു മുമ്പുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതം എന്നീ ലേഖനങ്ങൾ ചരിത്രസത്യങ്ങളുടെ ആധാരശിലയിൽ നിലകൊള്ളുന്നവയാണ്.

പ്രേഷിതപ്രവൃത്തിയുടെ ദൗത്യരംഗത്തെ പുതിയ മാനങ്ങളാണ് രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിരിക്കുന്നത്. സഭയുടെ ദൗത്യവും ആക്ഷൻ ഗ്രൂപ്പുകളും, പരമ്പരാഗത സഭാവിജ്ഞാനീയങ്ങളെയും ഇന്നത്തെ ആചാരങ്ങളേയും കുറിച്ചുള്ള ധർമ്മികപരമായ പഠനം, സഭയും രാഷ്ട്രീയ പ്രവർത്തനങ്ങളും, സഭയിൽ അൽമേവദികർക്കുള്ള സ്ഥാനം ആദ്ധ്യാത്മികത, സഭയുടെ ഇന്നത്തെ ദൗത്യം എന്നിവയെപ്പററി സമഗ്രമായും ആദ്ധ്യാത്മിക സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിലും വിശകലനം ചെയ്തിട്ടുണ്ട്.

മൂന്നാം ഭാഗത്തിൽ കേരളത്തിലെ സഭകൾ സ്ത്രീകളുടെ വീക്ഷണത്തിൽ എന്ന ലേഖനം വളരെയധികം ശ്രദ്ധേയമാണ്. ആ ഭാഗത്തിലെ മററു ലേഖനങ്ങളും സവിശേഷമായ ശ്രദ്ധ അർഹിക്കുന്നവയാണ്.

—കെ. വി. മാമ്മൻ




നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി അടൂർ കരുവാററയിലെ വിദ്യാനഗറിൽവച്ച് ആദ്യക്ഷരം എഴുതിച്ച് ഒരു കൊച്ചുകുട്ടിയുടെ വിദ്യാരംഭചടങ്ങ് നിർവ്വഹിക്കുന്നു



സുൽത്താൻബത്തേരിയിൽ ചേർന്ന Y.M.C.A. South India Region സമ്മേളനം ശ്രീ. പി. എം. പൈലിപ്പിള്ളയെ (കോലഞ്ചേരി) ട്രഷററായി തെരഞ്ഞെടുത്തിരിക്കുന്നു.

കോലഞ്ചേരി Y. M. C. A. പ്രസിഡന്റായും, എറണാകുളം സബ് റീജിയൻ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. പൈലിപ്പിള്ള വൈസ്മെൻ ഇൻറർനാഷനലിന്റെ ഇൻഡ്യാറീജിയൻ Best Y'smen ആയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. Y' smen—ന്റെ Extension—നുള്ള International Award ലഭിച്ചിട്ടുള്ള ഇദ്ദേഹത്തിന് Best Dist: Governor, Best Lieutenant Director എന്നീ നിലകളിലും അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ. പൈലിപ്പിള്ള മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ്കമ്മററി, ഡിഫൻസ്കമ്മററി മുതലായവയിൽ അംഗമായിരുന്ന് സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ പ്രധാനമായും Church Development Fund Committee—യിലും Finance Committee—യിലും അംഗമാണ്. മലങ്കരസഭാ മാസികയുടെ ഒരു ആയുഷ്കാലമെമ്പർകൂടിയായ ശ്രീ. പൈലിപ്പിള്ളയ്ക്ക് മലങ്കരസഭയുടെ അഭിനന്ദനങ്ങൾ.



Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

FOR FAVOURS RECEIVED



Inserted by
Pappachan & Gracykutty
Anjilivadakkidathu House
Muttom, Harippad

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas